കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## ജില്ലാ ഓഡിറ്റ് കാര്യാലയം

## പാലക്കാട്

e-mail: dopkd.ksad@kerala.gov.in

www.lfa.kerala.gov.in

നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2018-19

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ–പികെഡി11-1382/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്

തീയതി: 26.11.2019.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർകേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി11-1382/2019 തീയതി – 26.11.2019

# പാലക്കാട് ജില്ലയിലെ നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 21-10-2018 മുതൽ തിയതി 17-09-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | എൻ. സതീശൻ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18-09-2019 മുതൽ 28-09-2019 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീമതി യു.പ്രീത | അസി. ഓഡിറ്റ് ഓഫീസർ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ കെ.സി.ഹരിഗോബിന്ദ് | അസി. ഓഡിറ്റ് ഓഫീസർ |
| ശ്രീമതി എ. സുജാത | അസി. ഓഡിറ്റ് ഓഫീസർ |
| ശ്രീ കന്തസ്വാമി. ഐ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. ശാർങ്ഗധരൻ | 1-4-2018 മുതൽ 31-3-2019 വരെ |
| സെക്രട്ടറി | ശ്രീ. മഹേഷ്കുമാർ.എസ് | 1-4-2018 മുതൽ 31-10-2018 വരെ |
| | ശ്രീ. അനിൽകുമാർ എ.പി | 1-11-2018 മുതൽ 9-12-2018 വരെ |
| | ശ്രീ. സുനിൽ സെബാസ്റ്റ്യൻ | 10-12-2018 മുതൽ 31-03-2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.മിത്തു അന്റോ | 1-4-2018 മുതൽ 31-03-2019 വരെ |
| വി.ഇ.ഒ - 1 | ശ്രീമതി.ഗൗരി.ടി | 1-4-2018 മുതൽ 15-10-2018 വരെ |
| | vaccant | 16-10-2018 – 21.10.2018 |
| | ശ്രീമതി. പാർവ്വതി | 22-10-2018 മുതൽ 31-03-2019 വരെ |
| വി.ഇ.ഒ - 2 | ശ്രീമതി.ഷൈനി.എസ് | 1-4-2018 മുതൽ 31-3-2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.കലാവതി.കെ | 1-4-2018 മുതൽ 30-4-2018 വരെ |
| | ശ്രീമതി. ശോഭന | 1-5-2018 മുതൽ 31-3-2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി.ഷമിത.പി | 1-4-2018 മുതൽ 10-7-2018 വരെ |
| | ശ്രീ. സേതു | 11-7-2018 മുതൽ 31-03- |

| | | |
|---|---|---|
| | | 2019 വരെ |
| മെഡിക്കൽ ഓഫീസർ-PHC | ഡോ.ലിമി ജോസ് | 1-4-2018 മുതൽ 19-12-2018 വരെ |
| | ഡോ. രമിത | 20-12-2018 മുതൽ 31-3-2019 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവ്വേദം | ഡോ.പ്രവീൺ.എൻ.വി | 1-4-2018 മുതൽ 31-3-2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.സ്മിത.എസ് | 1-4-2018 മുതൽ 31-3-2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.രാധിക.സി | 1-4-2018 മുതൽ 29-11-2018 വരെ |
| | ശ്രീമതി. ആഷ | 30-11-2018 മുതൽ 31-03-2019 വരെ |
| എച്ച്.എം | ശ്രീ.പി.ബാബുരാജ് | 1-4-2018 മുതൽ 31-03-2019 വരെ |
| അസി.സെക്രട്ടറി | ശ്രീമതി.മേരി ബിബിയാന.എ | 1-4-2018 മുതൽ 15-9-2018 വരെ |
| | vaccant | 16-9-2018 – 30-9-2018 |
| | ശ്രീ. അനിൽകുമാർ എ.പി | 1-10-2018 മുതൽ 31-3-2019 വരെ |

ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം-റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം | 1-3 |
| 4 | ഫണ്ട് വിനിയോഗം-എ.സി.ആർ പ്രകാരം | 1-4 |
| | | |

| | | |
|---|---|---|
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്ഷേമ പദ്ധതികൾ | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |
| 8 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 10 | തൊഴിൽ നികുതി – അപാകതകൾ | 1-10 |
| 11 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ്- അപാകതകൾ | 1-11 |
| 12 | വസ്തുനികുതി നിർണ്ണയം- കെട്ടിടങ്ങളുടെ തരം തെറ്റായി രേഖപ്പെടുത്തിയതിലൂടെ സംഭവിച്ച നഷ്ടം ഈടാക്കേണ്ടതാണ്. | 1-12 |
| | | |
| 13 | വസ്തുനികുതി - അരിയർ തുകയായ 987174/- രൂപ ഡിമാന്റിൽ നിന്നും ഒഴിവാക്കിയതിന് രേഖകൾ ഇല്ല. | 1-13 |
| 14 | അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിലുള്ള ടെണ്ടർ ഫോറങ്ങളുടെ വില തനത് ഫണ്ടിലേക്ക് കൈമാറേണ്ടതാണ് | 1-14 |
| 15 | തനത് ഫണ്ടിൽ ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്ന തുകകളുടെ വിവരം | 1-15 |
| 16 | കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ ചിലവിനങ്ങൾക്ക് നൽകിയ മുൻകൂറുകൾക്കുള്ള വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. | 1-16 |
| 17 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നൽകിയ തുകകൾക്കുള്ള ധനവിനിയോഗ സാക്ഷ്യ പത്രങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. | 1-17 |
| 18 | പഞ്ചായത്ത് ഓഫീസിലേക്കായി ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങുവാനായി സ്വീകരിച്ച നടപടിക്രമങ്ങൾ.-പർച്ചേസ് കമ്മിറ്റിയുടേയും, ഭരണ സമിതിയുടേയും അംഗീകാരം ലഭ്യമാക്കേണ്ടതാണ് | 1-18 |
| 19 | വാഹന ഉപയോഗത്തിനായി പരിപാലിക്കപ്പെടേണ്ട രജിസ്റ്ററുകൾ | 1-19 |
| 20 | പഞ്ചായത്ത് സമുച്ചയം നവീകരണം | 1-20 |

| | | |
|---|---|---|
| 21 | തെരുവ് വിളക്കുകളുടെ പരിപാലനം | 1-21 |
| 22 | കുടിവെള്ള പദ്ധതികളുടെ പരിപാലനം | 1-22 |
| 23 | ഗ്യാസ് ക്രിമറ്റോറിയം - പദ്ധതിയുടെ ധനവിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കേണ്ടതാണ്. | 1-23 |
| 24 | റോഡ്, റോഡിതര ആസ്തികളുടെ പരിപാലനത്തിന് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്. | 1-24 |
| 25 | മരാമത്ത് പ്രവർത്തികൾ - പൊതു അപാകതകൾ | 1-25 |
| 26 | മരാമത്ത് പ്രവർത്തികളുടെ രൂപീകരണ,നിർവ്വഹണ ഘട്ടങ്ങളിൽ പൊതു മരാമത്ത് മാന്വലിലെ നടപടിക്രമങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ് | 1-26 |
| 27 | മരാമത്ത് പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം - കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ് | 1-27 |
| 28 | മാനാംകുറ്റി കുടിവെള്ളപദ്ധതി - കരാറുകാരന് നൽകിയ അധിക തുക 3751/-രൂപ തിരികെ ഈടാക്കേണ്ടതാണ് | 1-28 |
| 29 | ചേരുംകാട് റോഡ് ടാറിങ്ങ് - കരാറിലേർപ്പെട്ട് പ്രവൃത്തി നടപ്പാക്കിയില്ല | 1-29 |
| 30 | ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല. | 1-30 |
| 31 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ, കസേര നൽകൽ- സ്കൂളുകളിൽനിന്ന് കുട്ടികളുടെ ലിസ്റ്റ് ലഭ്യമാക്കിയില്ല | 1-31 |
| 32 | എസ് ടി വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകൽ- വാങ്ങിയ കട്ടിലുകൾ മുഴുവനായി വിതരണം ചെയ്തില്ല | 1-32 |
| 33 | അങ്കണവാടികൾക്ക് പ്രിന്റിംഗ്, സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നതിന് വികസനഫണ്ട് ചെലവഴിച്ചു | 1-33 |
| 34 | ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതി അവലോകനം | 1-34 |
| 35 | മറ്റ് ഏജൻസികൾക്ക് നൽകിയ തുകകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-35 |
| 36 | പി.എം.എ.വൈ പദ്ധതിക്കായി കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 1-36 |
| 37 | മാഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ | 1-37 |

| | പ്രവർത്തനങ്ങളുടെ വിലയിരുത്തൽ. | |
|---|---|---|

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരം | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | പത്രികകൾ | |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

# 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് താഴെ പറയും വിധം 24.3.18 തീയതിയിലെ 1 -ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു.

| | |
|---|---|
| പ്രതീക്ഷിത വരവ് | 251910627.77 |
| പ്രതീക്ഷിത ചെലവ് | 241194045 |

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214(1), ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ ജി.ഒ.(ആർ.ടി)നം.3291/2016 തിയതി 2.12.2016 ലെ ഖണ്ഡിക 2.2, 2.3, 2.4, 2.5 പ്രകാരം പദ്ധതി-പദ്ധതിയേതര ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കൽ, കരട് ബജറ്റ് രൂപീകരണം, ബജറ്റ് രൂപീകരണത്തിന്റെ സമയക്രമം എന്നിവ വ്യക്തമാക്കിയിട്ടുണ്ട്. ആയതിൻ പ്രകാരം വാർഷിക ബജറ്റ് രൂപീകരണത്തിനായുള്ള നടപടിക്രമങ്ങളും ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു.

| ക്രമ നം | ബജറ്റ് രൂപീകരണനടപടിക്രമം | സമയപരിധി | ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം |
|---|---|---|---|
| 1 | പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ച് ചേർക്കേണ്ടതും നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഘടകസ്ഥാപനമേധാവികൾക്ക് ഒരു മാസത്തെ സമയം നൽകേണ്ടതും ആണ്. | 2017ഡിസംബർ 15-ന് മുൻപ് | ബജറ്റ് പ്രൊപ്പോസൽ ആവശ്യപ്പെട്ടതിന്റെ വിവരങ്ങൾ ലഭ്യമല്ല |
| 2 | ഘടകസ്ഥാപനമേധാവികൾ അനുബന്ധം 1&2 ൽ പറഞ്ഞിരിക്കുന്ന ഫോർമാറ്റിൽ നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസലുകൾ സമർപ്പിക്കൽ | 2018ജനുവരി 15-ന് മുൻപ് | വിവരങ്ങൾ ലഭ്യമല്ല |
| 3 | മേൽ നിർദ്ദേശങ്ങൾ തരംതിരിച്ച് അതാത് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് കൈമാറൽ | 2018ജനുവരി 25-ന് മുൻപ് | വിവരങ്ങൾ ലഭ്യമല്ല |

| | | | |
|---|---|---|---|
| 4 | വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ മേൽ നിർദ്ദേശങ്ങൾ അനുബന്ധം 5.1,5.2 എന്നീ ഫോർമാറ്റുകളിൽ ക്രോഡീകരിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടത് | 2018ഫെബ്രുവരി 1-ന് മുൻപ് | വിവരം മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | 2018ഫെബ്രുവരി 28-ന് മുൻപ് | 09.03.2018 |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പദ്ധതി-പദ്ധതിയേതര നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് കരട് ബജറ്റ് നിർമ്മാണം/ അംഗീകരിക്കൽ | 2018മാർച്ച് 1-ന് മുൻപ് | 09.03.18 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 2018മാർച്ച് 7-ന് മുൻപ് | പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേർന്നിട്ടില്ല. |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 2018മാർച്ച് 31-ന് മുൻപ് | 24.03.18 |

ബജറ്റ് രൂപീകരിക്കുമ്പോൾ കേരള പഞ്ചായത്ത് രാജ് ആക്ടിലെയും. ബജറ്റ് മാന്വലിലെയും നിർദേശങ്ങൾ, സമയക്രമം എന്നിവ പാലിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 15/26.09.2019) മറുപടി ലഭിച്ചിട്ടില്ല.

# 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 22.06.2019 | - | |

# 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|

| | |
|---|---|
| മുന്നിരിപ്പ് | 11828974.85 |
| വരവ് | 131453976 |
| ആകെ | 143282950.85 |
| ചെലവ് | 127246915 |
| നീക്കിയിരിപ്പ് | 16036035.85 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ (ACR പ്രകാരം) | | 0 | 24683000 | 24683000 | 23554922 | 1128078 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | | 0 | 13916000 | 13916000 | 8230430 | 5685570 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | | 0 | 324000 | 324000 | 67800 | 256200 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 0 | 11455000 | 11455000 | 9810517 | 1644483 |
| മെയിന്റനൻസ്, - റോഡ് (ACR പ്രകാരം) | | 0 | 19744000 | 19744000 | 19744000 | 0 |
| മെയിന്റനൻസ്, നോൺ- റോഡ് (ACR പ്രകാരം) | | 0 | 4994000 | 4994000 | 3782274 | 1211726 |
| *എം.ജി.എൻ. ആർ.ഇ.ജി.എസ് | ഭരണ ചെലവുകൾ | 2808 | 923450 | 926258 | 912824 | 13434 |
| | ഗുണഭോക്താ ക്കൾക്ക് നേരിട്ട് നൽകിയത് | - | 44008618 | 44008618 | 44008618 | - |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| കേന്ദ്ര ഫണ്ട് | ഐ.സി.ഡി.എസ് | 738864 | 405938 | 1144802 | 930769 | 214033 |
| തനത് ഫണ്ട് – ട്രഷറി അക്കൗണ്ട്- (ജനറൽ പർപ്പസ് ഗ്രാന്റ്) | | 1052914 | 13043434 | 14096348 | 10052283 | 4044065 |
| തനത് ഫണ്ട് -ബാങ്ക് അക്കൗണ്ട്- | SBT, നാട്ടുകൽ | 10623519.36 | 12033040 | 22656559 | 4372483 | 2962962 |
| | സൗത്ത് ഇന്ത്യൻ ബാങ്ക്, നല്ലേപ്പിള്ളി | 0 | 42466982 | 42466982 | 33580191 | 8886791 |
| സാക്ഷരത | | 8490 | 0 | 8490 | 233 | 8257 |
| ദുരിതാശ്വാസ നിധി | | 6263 | 0 | 6263 | 172 | 6091 |
| MPLAD-SCB, നല്ലേപ്പിള്ളി | | 102563 | 4104 | 106667 | 0 | 106667 |
| ജോയിന്റ് വെഞ്ചർ - ബ്ലോക്ക് വിഹിതം | | 0 | 5481674 | 5481674 | 5439479 | **42195 |
| ടി - ജില്ലാ പഞ്ചായത്ത് വിഹിതം | | 0 | 4559829 | 4559829 | 4559829 | 0 |
| ബി ഫണ്ട് | | 0 | 3279360 | 3279360 | 3279360 | 0 |

*വാർഷിക കണക്ക്, NREGS കാഷ് ബുക്ക് എന്നിവയിൽ അവിദഗ്ദ്ധ തൊഴിലാളികളുടെ വേതനം എന്ന ഇനത്തിൽ 145661/-രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

** ജോയിന്റ് വെഞ്ച്വർ – ബ്ലോക്ക് വിഹിതം നീക്കിയിരുപ്പ് തനത് ഫണ്ട് അക്കൗണ്ടിൽ ഉൾപ്പെടുന്നു.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ

ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 224 | 155612210 | 156 | 99845406 | 68 | 70 |

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരം നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവ് വിവരം

| നിർവ്വഹണോദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 23 | 18 | 12388063 | 3785902 | 31 |
| അസി. സെക്രട്ടറി | 5 | 3 | 2348500 | 1007114 | 43 |
| കൃഷി ഓഫീസർ | 5 | 3 | 18771600 | 14143231 | 75 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 4 | 4 | 737160 | 650702 | 88 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | - | 100000 | - | - |
| മെഡിക്കൽ ഓഫീസർ-ആയുർവ്വേദം | 2 | 2 | 1149100 | 1148572 | 100 |
| വെറ്ററിനറി സർജ്ജൻ | 7 | 7 | 4862000 | 3403684 | 70 |
| ഐ.സി. ഡി.എസ് | 9 | 6 | 6148795 | 4201212 | 68 |
| വി.ഇ.ഒ-1 | 8 | 8 | 45118372 | 32228328 | 71 |
| വി.ഇ.ഒ-2 | 6 | 4 | 2732600 | 1800600 | 66 |

| | | | | | |
|---|---|---|---|---|---|
| ഹെഡ് മാസ്റ്റർ | 13 | 11 | 3637225 | 3415864 | 94 |
| അസി. എഞ്ചിനീയർ | 138 | 89 | 55246155 | 33303054 | 60 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 1 | 2372640 | 757143 | 32 |
| ആകെ | 224 | 156 | 155612210 | 99845406 | 64 |

ആകെ വകയിരുത്തിയ തുകയുടെ 64% ആണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും ആസൂത്രണ സമിതിയുടെയും,വർക്കിങ്ങ് ഗ്രൂപ്പുകളുടെയും ഇടപെടൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ആസൂത്രണ സമിതി

ആസൂത്രണ സമിതി യോഗ നടപടിക്രമങ്ങളുടെ മിനുട്സ് പരിശോധിച്ചതിൽ 29.01.18, 17.02.18എന്നീ തീയതികളിൽ യോഗം ചേർന്നതായി കാണുന്നു. പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങളുടെ വിശദമായ രേഖപ്പെടുത്തലുകൾ മിനുട്സിൽ ചേർത്തിട്ടില്ല.

2. വർക്കിംഗ് ഗ്രൂപ്പുകൾ

സാമ്പത്തിക വർഷത്തെ വർക്കിങ്ങ് ഗ്രൂപ്പ് മിനുട്സുകൾ പരിശോധിച്ചതിൽ 31.03.18ന്ഒരു തവണ മാത്രമാണ് എല്ലാ ഗ്രൂപ്പുകളും യോഗം ചേർന്നിട്ടുള്ളതെന്ന് കാണുന്നു. വിവിധ മേഖലകളിലെ അടിസ്ഥാന വിവരങ്ങൾ അടങ്ങുന്ന സ്റ്റാറ്റസ് റിപ്പോർട്ട് 2018-19വർഷം തയ്യാറാക്കിയിട്ടുണ്ടെങ്കിലും പല മേഖലകളിലെയും വിവരങ്ങൾ പൂർണ്ണമല്ല. ഉദാ- ഊർജ്ജം. 16.11.2017 ലെ സ.ഉ (എം.എസ്)224/2017/ ത.സ്വ.ഭ.വ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് ആസൂത്രണ സമിതിയും, വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിക്കേണ്ടതും, അവസ്ഥാ രേഖകൾ പരിഷ്കരിക്കേണ്ടതുമാണ്.

അതാത് പദ്ധതി ഫയലുകളിൽ മോണിട്ടറിങ്ങ് റിപ്പോർട്ട് ഇല്ല. പദ്ധതി നടപ്പാക്കിയതിന് ശേഷം പൂർത്തീകരണം വരെയും ഓരോ വർക്കിങ്ങ് ഗ്രൂപ്പും മോണിട്ടറിങ്ങ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്.

# 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ

താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 69360 | 39 |
| കർഷകതൊഴിലാളി പെൻഷൻ | 21618100 | 1179 |
| വിധവാപെൻഷൻ | 25840900 | 1493 |
| വാർദ്ധക്യകാലപെൻഷൻ | 38637300 | 2226 |
| വികലാംഗപെൻഷൻ | 6345500 | 373 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1635900 | 92 |

# 1-7 കാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള കാഷ് ബാലൻസ് പരിശോധന 18.09.2019 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10347/-രൂപയുടെ വരവ് ബോധ്യപ്പെട്ടു.

# 1-8 ആഭ്യന്തരനിയന്ത്രണം

I. രജിസ്റ്ററുകളുടെയും, രേഖകളുടെയും സൂക്ഷിപ്പ്

1. സ്റ്റോക്ക് രജിസ്റ്ററുകളിൽ ആസ്തിയുടെ മൂല്യം ചേർക്കുന്നില്ല.

2. തെരുവ് വിളക്കുകൾക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ, ആസ്തി രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

3. മുൻവർഷങ്ങളിൽ സംയുക്ത പ്രൊജക്ടുകൾക്ക് പ്രത്യേക അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ 2018-19 ലെ മുന്നിരിപ്പിന്റെ കൃത്യത ഉറപ്പാക്കാനായില്ല.

4. ടെണ്ടർ രജിസ്റ്ററിൽ പഞ്ചായത്ത് ഭരണസമിതി തീരുമാനം രേഖപ്പെടുത്തുന്നില്ല.

II. പ്രൊക്യൂർമെന്റ് കമ്മിറ്റി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ (പി) 259/2010 ത.സ്വ.ഭ.വ 08.11.2010 പ്രകാരം പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും സാമഗ്രികളുടെ വാർഷിക ആവശ്യകത

കണക്കാക്കി സമഗ്രമായ ഒരു സമാഹരണ പദ്ധതി പഞ്ചായത്തിൽ തയ്യാറാക്കിയിട്ടില്ല. പ്രൊക്യൂർമെന്റ് ടീം ഈ വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

III. കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് ആവർത്തന ചെലവുകൾക്ക് മുൻകൂർ അനുവദിച്ചതിന്റെ വിനിയോഗം ലഭ്യമാക്കിയിട്ടില്ല.

# 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.09.2019 | 08/2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.04.2015 | 2014-15 | 10.07.2015 |

# 1-10 തൊഴിൽ നികുതി- അപാകതകൾ

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുകയോ തൊഴിലെടുക്കുകയോ ചെയ്യുന്ന സ്ഥാപനത്തിന്റെയോ വ്യക്തിയുടെയോ മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല
താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ജീവനക്കാരുടെ നികുതി മാത്രമാണ് ഈടാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നം. | സ്ഥാപനം | ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | BSNL | 1&2 |
| 2 | HANTEX | 1&2 |

2. അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

എൽ.എസ്.ജി.ഡി സെക്ഷനിലെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം 2018-19 വർഷത്തിൽ വിവിധ പദ്ധതി പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി 33 കരാറുകാർ പഞ്ചായത്തു

പരിധിയിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. തൊഴിൽ നികുതി രജിസ്റ്റർ പരിശോധനയിൽ ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുകയോ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല എന്ന് ബോദ്ധ്യപ്പെട്ടു. 2018-19 വർഷത്തിൽ ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ട കരാറുകാരുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാർ |
|---|---|
| 1 | കെ.മണി |
| 2 | എം.സതീഷ് |
| 3 | സെയ്ത് മുഹമ്മദ്.കെ.എം |
| 4 | രാധാകൃഷ്ണൻ.കെ |
| 5 | സുരേഷ്കുമാർ.എ |
| 6 | മുത്തലീവ്.എസ് |
| 7 | ചെന്താമര.ടി |
| 8 | വിജയകുമാർ.എ |
| 9 | രതീഷ്.എ |
| 10 | പരമേശ്വരൻ.വി |
| 11 | ശശിധരൻ.ആർ.പി |
| 12 | രാജാമണി |
| 13 | അഭിലാഷ്.ആർ |
| 14 | ടോജി റാഫേൽ |
| 15 | രാഹുലൻ.സി |
| 16 | ബാബു.സി |
| 17 | രാമചന്ദ്രൻ.കെ |
| 18 | രാജീവ്.വി |
| 19 | സുനിൽകുമാർ.ബി |
| 20 | ചെന്താമര.എ |
| 21 | വിനോദ്.കെ |
| 22 | ബാബുലാൽ.വി |
| 23 | രത്നം.കെ |
| | |

| | |
|---|---|
| 24 | മനോജ്.കെ |
| 25 | ഷംസുദ്ദീൻ.ആർ |
| 26 | ഷാജി ജോർജ് |
| 27 | ദിനേഷ്.പി.എം |
| 28 | മോഹനൻ.കെ |
| 29 | സജീഷ്.വി |
| 30 | സുരേഷ്.എം |
| 31 | സുശാസനൻ.വി |
| 32 | സൂരജ്.കെ |
| 33 | ദിലീപ് കുമാർ.കെ |

ഇവരിൽ നിന്നും ചട്ടപ്രകാരമുള്ള തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3. ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ലൈസൻസിനായി സമർപ്പിച്ച അപേക്ഷകളിലെ സ്ഥാപനത്തിലെ ജോലിക്കാരുടെ എണ്ണം, തൊഴിൽ നികുതി റിട്ടേൺസ്, രജിസ്റ്റർ എന്നിവയിലെ വിവരങ്ങളുമായി താരതമ്യം ചെയ്തതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്നു കാണുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ലൈസൻസ് നം | സ്ഥാപനത്തിന്റെ പേര് | സ്ഥാപന ഉടമ | ജോലിക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | 28 | Ayur soap and oils | C.Kumaran | 7 |
| 2 | 30 | Petrol pump | Smt.Vasumati | 3 |
| 3 | 38 | Sunrock bolders, veliyampallam | P.L.Joji | 4 |
| 4 | 45 | Premier fine products | Salimahmad | 5 |
| 5 | 156 | Krishna indane services | Krishnaveni | 9 |
| 6 | 165 | Luqman biogreen fertilizer | luqman | 9 |

| | | | | |
|---|---|---|---|---|
| 7 | 170 | E.R.M.Hatcheries | E.M.Subeerhussain | 7 |
| 8 | 51 | Siva plastics | Anoop.p.pulickal | 6 |

സ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരെയും ഉൾപ്പെടുത്തിയുള്ള റിട്ടേൺസ് സമർപ്പിക്കാൻ ആവശ്യപ്പെടുകയും,റിട്ടേൺസ് അനുസരിച്ച് എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുകയും ചെയ്യേണ്ടതാണ്.

4. റേഷൻ കടകൾ, അബ്കാരി ഷോപ്പുകൾ എന്നിവിടങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ റേഷൻ കടകൾ, അബ്കാരി ഷോപ്പുകൾ എന്നിവിടങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. പഞ്ചായത്ത് പരിധിയിൽ ഉള്ള എല്ലാ റേഷൻ കടകളിലെയും, അബ്കാരി ഷോപ്പുകളിലെയും ജീവനക്കാരിൽനിന്ന് തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/26.09.2019) ഖണ്ഡികയിൽ പരാമർശിച്ച എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന മറുപടി ലഭിച്ചിട്ടുണ്ട്.

# 1-11 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ്-അപാകതകൾ

നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. റേഷൻ കടകള്, അബ്കാരി ഷോപ്പുകൾ എന്നിവരിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും (പട്ടിക 1 ക്രമനം 149) അബ്കാരി ഷോപ്പുകളെയും (പട്ടിക 1 ക്രമനം 139) ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ , അബ്കാരി ഷോപ്പുകൾ

ഒന്നും തന്നെ ലൈസൻസ് എടുത്തിട്ടില്ല. ഇവരിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്.

2.ലൈവ്സ്റ്റോക്ക് ഫാമുകൾ- പരിശോധനാ റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.

2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം സെക്രട്ടറിയും മറ്റ് ഉദ്യോഗസ്ഥരും ലൈവ്സ്റ്റോക്ക് ഫാമിൽ വളർത്തപ്പെടുന്ന മൃഗങ്ങളുടെയോ പക്ഷികളുടേയോ എണ്ണം തിട്ടപ്പെടുത്തുന്നതിനോ, ഫാമിന്റെ ഉടമസ്ഥൻ അഥവാ നടത്തിപ്പുകാരൻ ഈ ചട്ടങ്ങളിലോ ഗ്രാമ പഞ്ചായത്തിന്റെ അനുമതിയിലോ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പൂർണ്ണമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനോ വേണ്ടി ആറുമാസത്തിലൊരിക്കൽ ലൈവ് സ്റ്റോക്ക് ഫാമിൽ പരിശോധന നടത്തി പരിശോധനാ റിപ്പോർട്ട് സൂക്ഷിക്കേണ്ടതാണ്. എന്നാൽ നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹക്കിം S/O വെള്ളറാവുത്തർ എന്നവരുടെ കന്നുകാലി വളർത്തൽ ഫാമിന് (ലൈസൻസ് നമ്പർ. 192) മേൽ ചട്ടപ്രകാരമുള്ള പരിശോധന നടത്തി റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/26.09.2019) ചട്ടപ്രകാരമുള്ള പരിശോധന നടത്തി പരിശോധനറിപ്പോർട്ട് സൂക്ഷിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

# 1-12 വസ്തുനികുതി നിർണ്ണയം- കെട്ടിടങ്ങളുടെ തരം തെറ്റായി രേഖപ്പെടുത്തിയതിലൂടെ സംഭവിച്ച നഷ്ടം ഈടാക്കേണ്ടതാണ്.

വസ്തു നികുതിയുമായി ബന്ധപ്പെട്ട സഞ്ചയ, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ലൈസൻസ് രജിസ്റ്റർ പ്രകാരം വാണിജ്യ ആവശ്യത്തിനായി ലൈസൻസ് നൽകിയിരിക്കുന്ന കെട്ടിടങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ മറ്റുതരത്തിലുള്ള കെട്ടിടങ്ങളുടെ വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പാർപ്പിട ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് 6 രൂപയും, ഇതരവ്യവസായകെട്ടിടങ്ങൾക്ക് 50 രൂപയും, വാണിജ്യകെട്ടിടങ്ങൾക്ക് 40 രൂപയും, വ്യവസായ ആവശ്യങ്ങൾക്കുള്ള ഷെഡ്ഡുകൾക്ക് 15 രൂപയുമാണ് നിശ്ചയിച്ചിട്ടുള്ള വസ്തുനികുതി നിരക്ക്. കെട്ടിടങ്ങളുടെ തരം തെറ്റായി

നിർണ്ണയിച്ചതിനാൽ പഞ്ചായത്തിന് നികുതി വരുമാനത്തിൽ നഷ്ടം ഉണ്ടാകുന്നു. ഇത്തരത്തിൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം, കെട്ടിട ഉടമയുടെ പേര്, സ്ഥാപനം | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗം, ഏരിയ(മീറ്റർ സ്ക്വയർ), നിരക്ക്, നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി | ലൈസൻസ് രജിസ്റ്റർ പ്രകാരം കെട്ടിടത്തിന്റെ യഥാർത്ഥ ഉപയോഗം, നിർണ്ണയിക്കേണ്ട നിരക്ക്, അടിസ്ഥാന വസ്തുനികുതി | അടിസ്ഥാന വസ്തുനികുതി യിലെ നഷ്ടം |
|---|---|---|---|---|
| 1 | 1/464<br>സജീവ പ്രസാദ്,<br>രുഗ്മണി റൈസ് മിൽ | പാർപ്പിടം.<br>92.62 * 6= 555.72 | ഇതരവ്യവസായം<br>92.62 * 50= 4631 | 4075.28 |
| 2 | 1/138<br>ഹരിദാസ്,<br>എഎച്ച് റൈസ് & ഫ്ലോർ മിൽ | തടി മിൽ<br>45 *15= 675<br>(നിലവിൽ ഈടാക്കുന്ന നികുതി- 140/-) | ഇതരവ്യവസായം<br>45*50=2250 | 2110 |
| 3 | 1/553<br>ഗണേശൻ<br>സ്റ്റേഷനറി കട | പാർപ്പിടം<br>70*6=420 | വാണിജ്യം<br>70*40=2800 | 2380 |
| 4 | 2/251<br>ജയനുണ്ണി<br>പലചരക്ക് കട | പാർപ്പിടം<br>60*6=360<br>(നിലവിൽ ഈടാക്കുന്ന നികുതി- 25/-) | വാണിജ്യം<br>60*40=2400 | 2375 |
| 5 | 2/437<br>സജീവ്<br>പലചരക്ക് കട | പാർപ്പിടം<br>60*6=360<br>(നിലവിൽ ഈടാക്കുന്ന നികുതി- 43/-) | വാണിജ്യം<br>60*40=2400 | 2357 |
| 6 | 2/515<br>പ്രമോദ്. | കൈത്തറി ഷെഡ്<br>17.98*15=269.7 | ഇതരവ്യവസായം<br>17.98*50=899 | 466 |

| | | | | |
|---|---|---|---|---|
| | ഹോളോബ്രിക്സ് നിർമ്മാണം | (നിലവിൽ ഈടാക്കുന്ന നികുതി- 433/-) | | |
| 7 | 2/532<br>രാജൻ<br>സൗമ്യ ടയർ വർക്സ് | കൈത്തറി ഷെഡ്<br>11*15=165 | വാണിജ്യം<br>11*40=440 | 275 |
| 8 | 3/71<br>ശെൽവി ആരോഗ്യ മേരി,<br>ആർ.ആർ.ടെക്സ്റ്റയിൽസ് | കൈത്തറി ഷെഡ്<br>75*15=1125<br>(നിലവിൽ ഈടാക്കുന്ന നികുതി- 346/-) | വാണിജ്യം<br>75*40=3000 | 2654 |
| 9 | 3/571<br>അലാവുദ്ദീൻ<br>സേമിയ നിർമ്മാണം | കൈത്തറി ഷെഡ്<br>25*15=375 | വാണിജ്യം<br>25*40=1000 | 625 |
| 10 | 4/568<br>ശിവനാരായണൻ<br>ഭഗവതി ഫാബ്രിക്കേഷൻസ് & വെൽഡിംഗ് വർക്ക്ഷോപ്പ് | കൈത്തറി ഷെഡ്<br>47*15=705 | ഇതരവ്യവസായം<br>47*50=2350 | 1645 |
| 11 | 4/564<br>കലാധരൻ<br>ചായക്കട | പാർപ്പിടം<br>59*6=354 | വാണിജ്യം<br>59*40=2360 | 2106 |
| 12 | 12/572<br>ശിവകുമാർ<br>ജയപവർലൂം | കൈത്തറി ഷെഡ്<br>35*15=525 | ഇതരവ്യവസായം<br>35*50=1750 | 1225 |
| 13 | 12/141<br>സി.കുമാരൻ<br>ആയുർ സോപ്സ് & ഓയിൽസ് | പാർപ്പിടം<br>320*6=1920 | ഇതരവ്യവസായം<br>320*50=16000 | 14080 |
| 14 | 12/595<br>ജിനകുമാർ<br>ഐ.മെക്ക് ഇന്നവേഷൻസ് | കൈത്തറി ഷെഡ്<br>154.35*15=2315.25 | ഇതരവ്യവസായം<br>154.35*50=7717.5 | 5402.25 |

| | | | | |
|---|---|---|---|---|
| 15 | 12/596<br>ജിനകുമാർ<br>ഐ.മെക്ക് ഇന്നവേഷൻസ് | കൈത്തറി ഷെഡ്<br>276.85*15=4152.75 | ഇതരവ്യവസായം<br>276.85*50=13841 | 9688.25 |
| | | | ആകെ | 51463.78 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/26.09.2019) നികുതി പുനർ നിർണ്ണയിച്ച് അറിയിക്കുന്നതാണ് എന്ന് മറുപടി ലഭിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയറിൽ തിരുത്തലുകൾ വരുത്തി നികുതി പുനർനിർണ്ണയിക്കേണ്ടതും നികുതിയിനത്തിലുള്ള ആകെ നഷ്ടം 51464/-രൂപ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-13 വസ്തുനികുതി - അരിയർ തുകയായ 987174/- രൂപ ഡിമാന്റിൽ നിന്നും ഒഴിവാക്കിയതിന് രേഖകൾ ഇല്ല.

2017-18 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം വസ്തുനികുതി അരിയർ ഡിമാന്റ് തുക1274810.83 രൂപയാണ്. 2018-19വർഷത്തെ അരിയർ കളക്ഷൻ തുകയായ 287636 രൂപ കുറക്കുമ്പോൾ ലഭിക്കേണ്ട 987174 രൂപക്കു പകരം 2018-19 വർഷത്തെ ബാലൻസ് ഷീറ്റിൽ 36254.83 രൂപ മാത്രമാണ് പിരിച്ചെടുക്കാനുള്ളതായി കാണിച്ചിട്ടുള്ളത്. 987174 രൂപ അരിയർ ഡിമാന്റിൽ നിന്നും ഒഴിവാക്കിയത് സാധൂകരിക്കുന്ന രേഖകളൊന്നും പരിശോധനക്ക് ലഭ്യമാക്കുകയുണ്ടായില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 22/28.09.2019) മറുപടിയായി ഡാറ്റാ പ്യൂരിഫിക്കേഷന്റെ ഭാഗമായി തെറ്റായ ഡിമാന്റുകൾ ഒഴിവാക്കിയതിൻ മൂലമാണ് ടി വ്യത്യാസമെന്ന് അറിയിച്ചിട്ടുണ്ട്. ഡിമാന്റിൽ നിന്നും ഒഴിവാക്കിയ 987174 രൂപയെ സാധൂകരിക്കുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

# 1-14 അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാങ്ക് അക്കൗണ്ടിലുള്ള ടെണ്ടർ ഫോറങ്ങളുടെ വില തനത് ഫണ്ടിലേക്ക് കൈമാറേണ്ടതാണ്

ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഓൺലൈൻ ആയി ഒടുക്കുന്നതിന് അസി.എഞ്ചിനിയറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ

നല്ലേപ്പിള്ളി ബ്രാഞ്ചിൽ 37288331815 നമ്പറായി അക്കൌണ്ട് ആരംഭിച്ചിട്ടുണ്ട്. ഈ അക്കൌണ്ടിൽ നിലവിൽ 241036/- രൂപ നീക്കിയിരിപ്പുണ്ട്. ആയത് ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് കൈമാറിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 12/26.09.2019) മറുപടിയായി ജില്ലാപഞ്ചായത്തിൽ നിന്നും ട്രാൻസ്ഫർ ചെയ്ത തുകയിൽ വ്യക്തത വരുത്തേണ്ടതിനാലാണ് ഇതുവരെ തനത് ഫണ്ടിലേക്ക് കൈമാറാത്തത് എന്ന് അറിയിച്ചിട്ടുണ്ട്. തുക തനത് ഫണ്ടിൽ നിക്ഷേപിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-15 തനത് ഫണ്ടിൽ ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്ന തുകകളുടെ വിവരം

1. വിവിധ പദ്ധതികൾക്കായി ലഭിച്ച ബ്ലോക്ക് വിഹിതം തിരിച്ചടക്കേണ്ടതാണ്

നിലവിൽ താഴെ പറയുന്ന ബ്ലോക്ക് വിഹിതങ്ങൾ ചെലവഴിക്കപ്പെടാതെ തനത് ഫണ്ടിൽ അവശേഷിക്കുന്നു. ആയത് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

| പദ്ധതി | തുക ലഭ്യമായ വർഷം | തുക |
|---|---|---|
| പാലിയേറ്റീവ് കെയർ - ബാക്കി തുക | 2018-19 | 42195 |
| വിവരം ലഭ്യമല്ല | വിവരം ലഭ്യമല്ല | 22756 |

മുൻവർഷങ്ങളിൽ സംയുക്ത പ്രൊജക്ടുകൾക്ക് പ്രത്യേക അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ക്രമ നം-2 ലെ തുകയുടെ വിശദവിവരങ്ങൾ ലഭ്യമല്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സംയുക്ത പ്രൊജക്ടുകൾക്കുള്ള തുക നിക്ഷേപിക്കുന്നതിനും, പിൻവലിക്കുന്നതിനുമുള്ള മാർഗ്ഗരേഖ – സ.ഉ(പി)നം. 07/2017/ ഫിൻ തീയതി 23.01.2017 പ്രകാരം സംയുക്ത പ്രൊജക്ടുകൾക്ക് ലഭ്യമാകുന്ന തുകകൾ നിക്ഷേപിക്കുന്നതിന് ഒരു STSB അക്കൗണ്ട് ട്രഷറിയിൽ 2018-19സാമ്പത്തിക വർഷം വരെയും ആരംഭിച്ചിട്ടില്ല. ആയത് 2019-20 ൽ മാത്രമാണ് ആരംഭിച്ചിട്ടുള്ളത്.

2) തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള വിവിധ ഗ്രാന്റുകൾ വിനിയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

താഴെ പറയുന്ന വിവിധ പദ്ധതി/സ്കീമുകൾക്കായി ലഭിച്ച ഗ്രാന്റുകൾ വിനിയോഗിക്കാതെ തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.

| ക്രമ നം | ഗ്രാന്റുകളുടെ വിശദ വിവരം | ലഭ്യമായ വർഷം | തുക |
|---|---|---|---|
| 1 | MPLAD | 2013-14 | 88082 |
| 2 | ODF റീക്കുപ്പ്മെന്റ് | 2017-18 | 720000 |
| 3 | ടോട്ടൽ സാനിറ്റേഷൻ | 2017-18 | 555750 |
| 4 | സ്വച്ഛ് ഭാരത് മിഷൻ (performance based incentive) | 2018-19 | 938634 |

ക്രമ നം -1 പ്രകാരമുള്ള തുക ബന്ധപ്പെട്ട ഹെഡ്ഡിലേക്ക് തിരിച്ചടക്കേണ്ടതാണ്. ക്രമ നം -2 പ്രകാരമുള്ള ഒ.ഡി.എഫ് റീക്കുപ്പ്മെന്റ് തുകക്ക് പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കേണ്ടതാണ്. ക്രമ നം-3,4 പ്രകാരമുള്ള തുകകൾ വിനിയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. Performance based incentive ഇനത്തിൽ ലഭ്യമായ 938634/-രൂപയിൽ 31.01.19 ലെ പഞ്ചായത്ത് തീരുമാനം അനുസരിച്ച് 260000/-രൂപ വീതം അടങ്കലുള്ള താഴെ പറയുന്ന പദ്ധതികളുടെ നിർവ്വഹണം പുരോഗമിക്കുന്നുണ്ട്.

1. പന്നിപ്പെരുന്തല എ.എൽ.പി സ്കൂൾ ടോയ് ലെറ്റ്

2. അത്തിക്കോട് ജി.യു.പി.എസ് ടോയ് ലെറ്റ്

ബാക്കി തുക 418634/-രൂപയുടെ വിനിയോഗത്തിനായുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

# 1-16 കൈമാറികിട്ടിയ സ്ഥാപനങ്ങൾക്ക് നൽകിയ മുൻകൂറുകൾക്കുള്ള ചെലവിന വൌച്ചറുകൾ/ബില്ലുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആവർത്തനച്ചെലവുകൾക്ക് അനുവദിച്ച തുകകളുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു :

| ഹെഡ് കോഡ് | ചെലവിനം | തുക |
|---|---|---|
| | | |

| | | |
|---|---|---|
| 220110102 | വൈദ്യുതി ചാർജ് | 18,772 |
| 220110104 | വെള്ളക്കരം | 3,784 |
| 220120102 | ടെലഫോൺ ചാർജ് | 13,675 |

മേൽ പട്ടികയിൽ കൊടുത്തിരിക്കുന്ന ചെലവിനങ്ങൾക്കായി കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് മുൻകൂർ നൽകിയ തുകയുടെ ചെലവിന വൌച്ചറുകളും അനുബന്ധ ബില്ലുകളും ഓഡിറ്റിന് ലഭ്യമാക്കുവാനായി 27.09.19 ലെ അന്വേഷണ നം: 18 മുഖേന ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ഹാജരാക്കുകയുണ്ടായില്ല. ചെലവിനങ്ങൾക്ക് ആസ്പദമായ വൌച്ചറുകളും ബില്ലുകളും ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മുൻകൂർ അനുവദിക്കുമ്പോൾ ആയതിനുള്ള ചെലവിനങ്ങൾക്കുള്ള വൌച്ചറുകളും ബില്ലുകളും സമയബന്ധിതമായി സമർപ്പിക്കുവാൻ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകേണ്ടതാണ്.

# 1-17 ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നൽകിയ തുകകൾക്കുള്ള ധനവിനിയോഗ സാക്ഷ്യ പത്രങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1) പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് കെ.എസ്.ഇ.ബിക്ക് നൽകിയ തുകകളുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

a)

| | |
|---|---|
| പ്രൊജക്റ്റ് നം. | S0032/19 |
| പേര് | വൈദ്യുതി ലൈൻ ദീർഘിപ്പിച്ച് തെരുവ് വിളക്ക് സ്ഥാപിക്കൽ |
| പൊതു വിഭാഗം | 2920/- വികസനഫണ്ട് |
| ധനകാര്യ കമ്മീഷൻ അവാർഡ് | 5,11,080/- |
| ആകെ അടങ്കൽ | 5,14,000/- |
| ബിൽ നം./തിയതി | ചെലവ് |
| 13/23/8/2018 | 2,08,978/- |
| 20/22/11/2018 | 2,14,346/- |

| | |
|---|---|
| 21/22/11/2018 | 57,620/- |
| ആകെ ചെലവ് | 480944/- |

K.S.E.B, കൊഴിഞ്ഞാമ്പാറയിലേക്ക് വൈദ്യുതി ലൈൻ ദീർഘിപ്പിച്ച് തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനായി മേൽ പ്രകാരം അനുവദിച്ച 480944/-രൂപയുടെ ധന വിനിയോഗ സാക്ഷ്യ പത്രം ഓഡിറ്റിന് ലഭ്യമാക്കുകയുണ്ടായില്ല.
പഞ്ചായത്തിൽ നിന്നും നല്കിയ തുകക്കുള്ള U.C ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ A.E. കൊഴിഞ്ഞാമ്പാറ 19.09.2019 ലെ എ2-6000/2019 നം. കത്ത് മുഖേന പ്രവൃത്തി നടന്ന് കൊണ്ടിരിക്കുകയാണെന്നും, പൂർത്തിയാവുന്ന മുറയ്ക്ക് ധന വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കുന്നതാണെന്നും അറിയിച്ചതായാണ് സെക്രട്ടറി വിശദീകരണം സമർപ്പിച്ചിട്ടുള്ളത്. (25.9.19 ലെ അന്വേഷണ നം.8)
b)

| | |
|---|---|
| പ്രൊജക്റ്റ് നം. | S0162/19 |
| പേര് | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ |
| ധനകാര്യ കമ്മീഷൻ അവാർഡ് | 1,50,918/- |
| ലോക ബാങ്ക് സഹായം | 1,31,997/- |
| ആകെ അടങ്കൽ | 2,82,915/- |
| ബിൽ നം/തിയ്യതി | ചെലവ് |
| 66/18/03/2019 | 60,424/- |
| 69/22/03/2019 | 60,493/- |
| ആകെ ചിലവ് | 1,20,917/- |

K.S.E.B, എലപ്പുള്ളിയിലേക്ക് വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ എന്ന ഡെപ്പോസിറ്റ് പ്രവൃത്തിക്കായി മേൽ പ്രകാരം നൽകിയ 1,20,917/-രൂപക്കുള്ള ധന വിനിയോഗ സാക്ഷ്യ പത്രം ഓഡിറ്റിന് ഹാജരാക്കുകയുണ്ടായില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1)25.05.2019 ലെ ഓഡിറ്റ് അന്വേഷണം നം.8 പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി ചമച്ച കരാർ ആവശ്യപ്പെട്ടിരുന്നുവെങ്കിലും വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി തുക നൽകുമ്പോൾ കൃത്യമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച് കരാറിൽ ഏർപ്പെടേണ്ടതാണ്.

2) തദ്ദേശ ഭരണ(ഡി.എ) വകുപ്പിന്റെ 28.12.2018 ലെ ഡി.എ 1/1881/2018 തസ്വഭവ പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തികൾക്കുള്ള കൃത്യമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ തുക ഈ സ്ഥാപനങ്ങൾക്ക് കൈമാറാവൂ. തുകയുടെ വിനിയോഗം ഘട്ടം, ഘട്ടമായി നിർവ്വഹിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

# 1-18 പഞ്ചായത്ത് ഓഫീസിലേക്കായി ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങുവാനായി സ്വീകരിച്ച നടപടിക്രമങ്ങൾ.-പർച്ചേസ് കമ്മിറ്റിയുടേയും, ഭരണ സമിതിയുടേയും അംഗീകാരം ലഭ്യമാക്കേണ്ടതാണ്

l)പഞ്ചായത്ത് സെക്രട്ടറി നിർവ്വഹിച്ച ഫോട്ടാസ്റ്റാറ്റ് മെഷീൻ വാങ്ങൽ എന്ന പ്രൊജക്റ്റിന്റെ (നം. S0253/19) വിശദവിവരങ്ങൾ താഴെ ചേർക്കുന്നു :

| | |
|---|---|
| തനത് ഫണ്ട് | 1,10,000/- |
| ആകെ അടങ്കൽ | 1,10,000/- |
| ചിലവ് | 1,01,499/- |

| വൌച്ചർ നമ്പർ തീയതി | ചെക്ക് നമ്പർ തീയതി |
|---|---|
| 21801227/25.3.2019 | 2180629/25.3.2019 |

സെക്രട്ടറിയുടെ 20.02.2018 തിയ്യതിയിലെ എ2/200/2018 ലെ ദർഘാസ് പരസ്യത്തിലൂടെ ആവശ്യപ്പെട്ട ഡിജിറ്റൽ ഫോട്ടൊകോപ്പിയറിന്റെ സ്പെസിഫിക്കേഷനുകൾ താഴെ ചേർക്കുന്നു.

<u>ഡിജിറ്റൽ ഫോട്ടൊകോപ്പിയർ (ഹൈ എന്റ്)</u>

a) മോണൊക്രോം ലേസർ.

b) കോപ്പി പ്രിന്റ് മിനിമം സ്പീഡ് : 50 ppm.(മോഡൽ).

c) പേപ്പർ സൈസ് : A4,A3.

d) RAM/മെമറി : മിനിമം 512. M.B

e) പേപ്പർ ട്രേ കപ്പാസിറ്റി : മിനിമം 250 ഷീറ്റ്

പ്രസ്തുത സ്പെസിഫിക്കേഷനുകൾ പ്രകാരം ടെണ്ടറുകൾ 20.02.2018 ലെ ദർഘാസ് പരസ്യത്തിലൂടെ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. വിവിധ സ്ഥാപനങ്ങൾ സമർപ്പിച്ച ടെണ്ടറുകളിലെ സ്പെസിഫിക്കേഷനുകളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ചതിന്റേയും നിരസിച്ചതിന്റേയും വിശദവിവരങ്ങൾ താഴെ ചേർക്കുന്നു :

1) ഏറ്റവും കുറവായി തുക ക്വോട്ട് ചെയ്ത ബ്രൈറ്റ് മാർക്കറ്റിംഗ് കമ്പനിയുടെ
സ്പെസിഫിക്കേഷൻ പ്രകാരം 32 പി.പി.എം. സ്പീഡും, 2 ജി.ബി.പേപ്പർ കപ്പാസിറ്റി , 500
ഷീറ്റ് ട്രേ യുമാണ് സപ്ലൈ ചെയ്യുവാൻ അംഗീകരിച്ചിട്ടുള്ളത്.

മറ്റ് സ്ഥാപനങ്ങളേക്കാൾ കൂടുതൽ സ്പീഡുള്ള പ്രസ്തുത ഇനത്തിന്റെ ക്വട്ടേഷൻ പർച്ചേസ് കമ്മിറ്റി മിനിട്സിലെ 28.02.2019 ലെ തീരുമാനം നം.1 ലെ രേഖപ്പെടുത്തലുകൾ പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

2)പ്രസ്തുത ഫോട്ടോ കോപ്പിയർ വാങ്ങുമ്പോൾ പഞ്ചായത്തിന്റെ ആവശ്യങ്ങൾക്കായി നിലവിൽ ഉപയോഗിച്ച് വരുന്ന ഫോട്ടാ കോപ്പിയർ ബൈ ബാക്ക് സമ്പ്രദായത്തിൽ 2,500/- രൂപ വില കൽപ്പിച്ച് നൽകിയിട്ടുണ്ട്. ബൈ ബാക്ക് നടപടി സ്വീകരിക്കുവാനായി ടെണ്ടർ നൊട്ടീസിൽ ആവശ്യപ്പെട്ട് കാണുന്നില്ല. ഫോട്ടോ കോപ്പിയറിന്റെ മൂല്യം കണക്കാക്കിയതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണെന്ന് 28.09.2019 ലെ അന്വേഷണ നം.21 പ്രകാരം ആവശ്യപ്പെട്ടിട്ടുമുണ്ട്.

ഉപഖണ്ഡിക 4 ൽ കൊടുത്തിരിക്കുന്ന നിരീക്ഷണത്തിന് പഞ്ചായത്ത് സെക്രട്ടറി താഴെ പറയുന്ന വിശദീകരണം നൽകിയിട്ടുണ്ട് :

2012-13 ൽ വാങ്ങിയ ഫോട്ടോ കോപ്പിയർ (RICOH AFICIO) നിരന്തരം റിപ്പയറാകുന്ന സാഹചര്യമായതിനാലും, പഞ്ചായത്തിലെ ദൈനം ദിന ആവശ്യങ്ങൾക്ക് തടസ്സങ്ങൾ നേരിടുന്നതിനാലും, റിപ്പയറുകൾക്ക് കൂടുതൽ തുക ചിലവഴിക്കേണ്ടതിനാലുമാണ് ബൈബാക്ക് നടപടി സ്വീകരിച്ചിട്ടുള്ളത്. പ്രസ്തുത ആവശ്യം ടെണ്ടർ ഷെഡ്യൂളിൽ ഉൾപ്പെടുത്തുവാൻ നിർദ്ദേശം നൽകിയെങ്കിലും, ആയത് ഉൾപ്പെടുത്തിയിട്ടില്ല.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1)വാങ്ങലുകൾക്കായി ടെണ്ടർ പരസ്യം നൽകുമ്പോൾ ആധികാരിക തലങ്ങളിൽ നിന്നും ആവശ്യകത മുൻ നിർത്തി സ്പെസിഫിക്കേഷൻ തീരുമാനിച്ച് നൽകേണ്ടതാണ്.

2)ടെണ്ടർ ഷെഡ്യൂളിൽ ആവശ്യപ്പെടാതെ നിലവിലുള്ള ഫോട്ടോ കോപ്പിയർ ബൈബാക്ക് നടപടികളിലൂടെ കൈമാറിയതിന് പർച്ചേസ് കമ്മിറ്റിയുടേയും, ഭരണ സമിതിയുടേയും അംഗീകാരം ലഭ്യമാക്കി വിവരം ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

3)ടെണ്ടർ ഷെഡ്യൂൾ പ്രകാരം ബ്രൈറ്റ് മാർക്കറ്റിംഗ് കമ്പനിയുടെ ടെണ്ടർ സ്വീകരിച്ച് ഒഴിവാക്കപ്പെട്ട മറ്റ് ഇനങ്ങൾക്കുള്ള സാക്ഷ്യപത്രം ക്ഷമതയുള്ള അധികാരികളിൽ നിന്നും

ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.
4) ഉപകരണങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ മൂല്യം രേഖപ്പെടുത്തേണ്ടതാണ്.

തുടർ നടപടികൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

# 1-19 വാഹന പരിപാലനവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും റെക്കോഡുകളും പൂർണ്ണമായി എഴുതി സൂക്ഷിക്കേണ്ടതാണ്

30.06.2007 ലെ ജി.ഒ.(എം.എസ്)170/07ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന വാഹന ഉപയോഗവുമായി ബന്ധപ്പെട്ട താഴെ പറയുന്ന രജിസ്റ്ററുകളും, റെക്കോഡുകളും ഓഡിറ്റിന് ഹാജരാക്കുകയുണ്ടായില്ല :

1)പെട്രോൾ, ഡീസൽ, ഗ്യാസ്, ഓയിൽ മുതലായവയ്ക്കുള്ള ഓർഡർ ബുക്ക്
2) റിപ്പയർ രജിസ്റ്റർ.

ആറു മാസത്തിലൊരിക്കൽ വാഹനത്തിന്റെ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ വകുപ്പിലെ ഒരു ക്ഷമതയുള്ള ഉദ്യോഗസ്ഥനെ കൊണ്ട് നടത്തേണ്ടതാണെന്നും, ഇന്ധന ഉപയോഗത്തെ സംബന്ധിച്ച് നൽകിയ സാക്ഷ്യപത്രം ലോഗ് ബുക്കിൽ പതിപ്പിക്കേണ്ടതാണെന്നുമുള്ള നിബന്ധന നിലവിൽ സെക്രട്ടറി പാലിച്ചിട്ടില്ല. (അന്വേഷണ നം.18)

മേൽ സൂചിത ഓഡിറ്റ് നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിലുള്ള നടപടികൾ ഭാവിയിൽ പ്രാവർത്തികമാക്കേണ്ടതാണ്.

# 1-20 പഞ്ചായത്ത് സമുച്ചയം നവീകരണത്തിനായി ക്ഷണിച്ച ക്വട്ടേഷനുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പഞ്ചായത്തിന്റെ നവീകരണത്തിനായി അംഗീകാരം ലഭ്യമാക്കിയ പ്രൊജക്റ്റിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു :

| | |
|---|---|
| പ്രൊജക്റ്റ് നം. | S0240/19 |
| പേര് | പഞ്ചായത്ത് സമുച്ചയം നവീകരണം. |
| | |

| | |
|---|---|
| തനത് ഫണ്ട് | 5,60,000/- |
| ചെക്ക് നം./ തിയതി | തുക |
| 2180606/25.02.2019 | 1,37,456/- |
| 003822/15.03.2019 | 1,38,787/- |
| 003822/15.03.2019 | 20,268/- |

പഞ്ചായത്തിന് ISO സർട്ടിഫിക്കേഷൻ ലഭ്യമാക്കുവാനായി സമുച്ചയം നവീകരണവുമായി ബന്ധപ്പെട്ട് റാക്കുകളും, ലാഡറുകളും വാങ്ങുവാനായി ക്വട്ടേഷനുകൾ ക്ഷണിച്ചിട്ടുണ്ട്.ടെണ്ടറുകൾ ക്ഷണിച്ചതിൻ പ്രകാരം സമർപ്പിക്കപ്പെട്ടവയിൽ എറ്റവും കുറവ് തുക ക്വോട്ട് ചെയ്ത റാൽസിൻ ഇൻഡസ്ട്രീസ് നിന്നും റാക്കുകളും, ലാഡറും വാങ്ങിയിട്ടുണ്ട്.

b)അനുബന്ധമായി വാങ്ങിയ ബോക്സുകളുടെ വിശദാംശങ്ങൾ :

എക്സൽ കോറുഗ്ഗേറ്റഡ് ബോക്സസ് Pvt., Ltd., ൽ നിന്നും ചെക്ക് നം.003849 തിയതി 28.03.2019 മുഖേന 523 ബോക്സുകൾ (34.60/- രൂപ നിരക്കിൽ) 20,268/- രൂപ (നികുതിയുൾപ്പെടെ) ചെലവിൽ വാങ്ങിയിട്ടുണ്ട്. ബോക്സുകൾക്കായി ക്ഷണിച്ച ക്വട്ടേഷൻ പരസ്യമോ, സമർപ്പിക്കപ്പെട്ട ക്വട്ടേഷനുകളോ ഓഡിറ്റിന് ഹാജരാക്കുകയുണ്ടായില്ല. ആയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(28.09.2019 ലെ അന്വേഷണ നം.21) പഞ്ചായത്ത് സമർപ്പിച്ച വിശദീകരണം താഴെ ചേർക്കുന്നു.

എക്സൽ കോറുഗ്ഗേറ്റഡ് ബോക്സസ് Pvt., Ltd., ൽ നിന്നും 5000 രൂപയിൽ അധികരിക്കാത്ത 100 ബോക്സുകൾ വാങ്ങുന്നതിനാണ് തീരുമാനിച്ചത്. എന്നാൽ പഞ്ചായത്ത് റെക്കോർഡ് റൂമുകളിലെ റാക്കുകളിൽ സൂക്ഷിക്കുവാൻ 100 ബോക്സുകൾ മതിയാവാത്ത സാഹചര്യം പിന്നീട് സംജാതമായി. കൂടുതൽ ബോക്സുകൾ ഗ്രാമ ലക്ഷമിയിൽ നിന്നും ലഭ്യമാക്കുവാനായി അന്വേഷിച്ചതിൻ പ്രകാരം ആയതിന് അവർ തയ്യാറല്ലെന്ന് അറിയിച്ചു. ISO സർട്ടിഫിക്കേഷനുള്ള റെക്കോർഡ് റൂം സജ്ജീകരണം നിശ്ചിത കാലയളവിനുള്ളിൽ പൂർത്തീകരിക്കേണ്ടതിനാൽ പർച്ചേസ് നടപടിക്രമങ്ങൾ പാലിക്കുവാൻ സാധ്യമായില്ല. പ്രസ്തുത മറുപടി സാധൂകരിക്കുന്ന തരത്തിൽ പർച്ചേസ് കമ്മറ്റി മിനുട്സിൽ യാതൊരു തീരുമാനങ്ങളും രേഖപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ (പി) 259/2010 ത.സ്വ.ഭ.വ 08.11.2010 ലെ നിർദ്ദേശ പ്രകാരം പഞ്ചായത്ത് സമുച്ചയ നവീകരണ പദ്ധതിക്കായി ഒറ്റ ടെണ്ടർ ക്ഷണിക്കാമായിരുന്നു.

2)20,268 രൂപയ്ക്ക് വാങ്ങിയ ബോക്സുകൾക്കായി ക്വട്ടേഷനുകൾ ക്ഷണിക്കാത്ത സാഹചര്യത്തിൽ, വാങ്ങൽ നടപടിക്രമങ്ങളിൽ നഷ്ടം സംഭവിച്ചിട്ടുണ്ടോയെന്ന് ഓഡിറ്റിന് വിലയിരുത്തുവാൻ സാധ്യമായിട്ടില്ല. വാങ്ങൽ നടപടിക്രമങ്ങളിലൂടെ നഷ്ടം സംഭവിച്ചിട്ടില്ലായെന്ന് തെളിയിക്കുവാൻ പർച്ചേസ് കമ്മിറ്റിയുടേയും, ഭരണസമിതിയുടെയും തീരുമാനങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

3)ഭാവിയിൽ ഓഫീസ് ഉപകരണങ്ങൾ, ഫർണിച്ചർ എന്നിവ വാർഷിക ആവശ്യം മുൻനിർത്തി മതിയായ എണ്ണം കണക്കാക്കി ഒന്നിച്ച് വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-21 തെരുവ് വിളക്കുകളുടെ പരിപാലനം

പഞ്ചായത്തിന്റെ പരിധിയിലുള്ള തെരുവ് വിളക്കുകൾക്ക് ഭാഗികമായി മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.ഓരോ മീറ്ററിംഗ് പോയിന്റിനും ഒരോ കൺസ്യൂമർ നമ്പർ അനുവദിച്ചിട്ടുണ്ട്. മീറ്റർ സ്ഥാപിക്കാത്ത തെരുവ് വിളക്കുകൾക്ക് പഞ്ചായത്ത് വൈദ്യുതി ചാർജ്ജ് അടവാക്കി വരുന്നുണ്ട്.പഞ്ചായത്തിന്റെ അധീനതയിലുള്ള തെരുവ് വിളക്കുകളുടെ വിശദവിവരങ്ങൾ അടങ്ങിയ സ്റ്റോക്ക് രജിസ്റ്റർ നിലവിൽ കാലികമാക്കി സൂക്ഷിക്കുന്നില്ല. 2019-20 സാമ്പത്തിക വർഷത്തിൽ തെരുവ് വിളക്കുകൾക്കുള്ള എ.എം.സി റിപ്പയർ പ്രവൃത്തി നടപ്പിലാക്കുന്ന വേളയിൽ മീറ്റർ സ്ഥാപിക്കാത്തവയുടെ എണ്ണം തിട്ടപ്പെടുത്തി വിശദാംശങ്ങൾ ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

മീറ്ററിംഗ് സംവിധാനമില്ലാത്ത തെരുവ് വിളക്കുകളുടെ വിശദവിവരങ്ങൾ :

I)<u>കൊഴിഞ്ഞാമ്പാറ – കൺസ്യൂർ നം. 1165026000034</u>

| No | Street Light Lamp Details | Number | Rate | Amount |
|---|---|---|---|---|
| 1 | CFL Automatic On/Off CFL-2X11 | 22 | 35 | 770 |
| 2 | CFL Automatic On/Off CFL-4X11 | 363 | 70 | 25410 |
| 3 | LED - 1X18 | 12 | 15 | 180 |
| 4 | Sodium Vapour Lamp 1x250 | 1 | 492 | 492 |
| 5 | Flurocent Tube - 2X40 | 149 | 147 | 21,903 |
| | Total | 547 | | 48,755/- |

II) <u>കൺസ്യൂർ നം. 11650150</u>

| No | Street Light Lamp Details | Number | Rate | Amount |
|---|---|---|---|---|
| 1 | CFL Automatic On/Off CFL-4X11 | 31 | 12 | 372 |
| | | | | |

| | | | | |
|---|---|---|---|---|
| 2 | Flurocent Tube – 2X40 | 62 | 12 | 744 |
| 3 | Ordinary Lamp<br><br>1X40 | 11 | 12 | 132 |
| 4 | Sodium Vapour Lamp (1X250) | 1 | 12 | 12 |
| 5 | Flurocent Tube - 1X40 | 11 | 12 | 132 |
| | Total | 116 | | 1392 |

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. തെരുവ് വിളക്കുകളുടെ ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.
2)12.03.2013 ലെ സ.നം.65529/ഡി.സി3/12 ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോട് കൂടിയ ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു.പ്രസ്തുത സഹായം കെ.എസ്.ഇ.ബി നല്കുകയും, ആയതിനുള്ള തുക കെ.എസ്.ഇ.ബി യിൽ ഒടുക്കേണ്ടതുമാണ്.

3)മീറ്ററിംഗ് സംവിധാനം എർപ്പെടുത്തുന്നത് പൂർണ്ണമാകുന്നത് വരെ വൈദ്യുതി ഉപഭോഗം കൂടിയ , ഓർഡിനറി ബൾബുകളും, ഫ്ലൂറസന്റ് ട്യൂബുകളും മാറ്റി വൈദ്യുതി ഉപഭോഗം താരതമ്യേന കുറഞ്ഞതും ഈട് നിൽക്കുന്നതുമായ എൽ.ഇ.ഡി ലാമ്പുകൾ മാറ്റി സ്ഥാപിക്കേണ്ടതുമാണ്.

എൽ.ഇ.ഡി ലാമ്പുകൾ ആയുസ്സ് കൂടിയതും പരിസ്ഥിതിക്ക് ഹാനികരമല്ലാത്തതുമാണ്.ആയതിനാൽ ഇവ സ്ഥാപിക്കുന്നതിന് മുൻഗണന നല്കി വില്പനാനന്തര സേവന വ്യവസ്ഥകൾ ഉറപ്പാക്കി വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ച് ആവശ്യമായവ വാങ്ങാവുന്നതാണ്.

# 1-22 കുടിവെള്ള പദ്ധതികളുടെ പരിപാലനം

കേരള ജല അതോറിറ്റി പരിപാലിക്കുന്ന കുടിവെള്ള പദ്ധതികളുടെ പൊതു ടാപ്പിലൂടേയുള്ള ശുദ്ധ ജല വിതരണത്തിന്റെ ചെലവ് ഗ്രാമ പഞ്ചായത്താണ് വഹിക്കുന്നത്.ഗ്രാമ പഞ്ചായത്ത് നേരിട്ട് പരിപാലിക്കുന്ന കുടിവെള്ള പദ്ധതികളും നിലവിലുണ്ട്.ഇവയുടെ കാര്യക്ഷമമായ പരിപാലനത്തിനായി 30/05/2009 ലെ സർക്കാർ ഉത്തരവ് (സാ) നം.1275/2009 മുഖേന വിവിധ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ പ്രവർത്തന മേഖലയിലുള്ള പൊതു ടാപ്പുകളിലൂടേയുള്ള

ശുദ്ധ ജല വിതരണം സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങളും, നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു :

KWA പരിപാലിച്ച് വരുന്ന പൊതു ടാപ്പുകളിലൂടെയുള്ള ശുദ്ധ ജല വിതരണം.

പഞ്ചാത്തിന്റെ പരിധിയിൽ KWA പരിപാലിക്കുന്ന 116 പൊതു ടാപ്പുകൾ നിലവിലുണ്ട്.പ്രതി വർഷം പഞ്ചായത്ത് ഇവയ്ക്കായി അടവാക്കുന്ന വെള്ളക്കരം 5,58,250/- രൂപയാണ്(Head Code-450220101).പഞ്ചായത്തിന്റെ പ്രവർത്തന പരിധിയിലുള്ള പൊതുടാപ്പുകളുടെ എണ്ണം കൃത്യമായി ജല അതോറിറ്റിയുടെ അധികൃതരും, പഞ്ചായത്തിന്റെ ശുദ്ധ ജല വിതരണവും, ശുചിത്വവും എന്ന മേഖലയ്ക്കായി രൂപീകരിച്ച വർക്കിംഗ് ഗ്രൂപ്പിന്റെ സാന്നിദ്ധ്യത്തിൽ സംയുക്ത പരിശോധനയിലൂടെ തിട്ടപ്പെടുത്തേണ്ടതാണ്. പ്രസ്തുത പരിശോധന നടത്തുവാനായി 8/8/2019 നം, 16/09/2019 നം രേഖാമൂലം ജല അതോറിറ്റിയോട് പഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ആയത് നാളിത് വരെ നിർവ്വഹിച്ചിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്.(18.09.19 ലെ അന്വേഷണം നം.2).

ഓഡിറ്റ് നിർദ്ദേശങ്ങൾ

പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെയും, അല്ലാത്തവയുടെയും കണക്കുകൾ സംയുക്ത പരിശോധനയിലൂടെ തിട്ടപ്പെടുത്താത്ത സാഹചര്യത്തിൽ 28.09.2011 ലെ ജി.ഒ.(ആർ.ടി) 2242/2011 ലെ നിർദ്ദേശാനുസരണം താഴെ പറയുന്ന നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതാണ്.

1)സംയുക്ത പരിശോധന നടത്താത്ത തദ്ദേശസ്വയംഭരണ സ്ഥാപനം ആയത് നിർവ്വഹിക്കുന്നതിനായി വാട്ടർ അതോറിറ്റിക്ക് രേഖാമൂലം ആവശ്യപ്പെടുകയും തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2)പ്രസ്തുത പരിശോധനാ റിപ്പോർട്ട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് രേഖാമൂലം KWA നൽകേണ്ടതാണ്.

പഞ്ചായത്ത് നേരിട്ട് പരിപാലിക്കുന്ന കുടിവെള്ള പദ്ധതികൾ

2018-19 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന്റെ അധീനതയിൽ 5 കുടിവെള്ള പദ്ധതികളുണ്ട്.ആയതിന്റെ കീഴിലുള്ള വാർഡ് തിരിച്ചുള്ള വിശദവിവരങ്ങൾ :

1.കൊറ്റമംഗലം കുടിവെള്ള പദ്ധതി

| | |
|---|---|
| വാർഡ് | 2,5, 16, 18,19 |

2.വാക്കിനിച്ചുള്ള കുടിവെള്ള പദ്ധതി

| | |
|---|---|

| | |
|---|---|
| വാർഡ് | 7,8,9,10,14 |

3.കുറ്റിപ്പള്ളം കുടിവെള്ള പദ്ധതി

| | |
|---|---|
| വാർഡ് | 7,9,10,15 |

4.അണ്ണാൻതോട് കുടിവെള്ള പദ്ധതി

| | |
|---|---|
| വാർഡ് | 15,16,17,18 |

5.മാട്ടുമന്ത കുടിവെള്ള പദ്ധതി

| | |
|---|---|
| വാർഡ് | 4,5,6,15,16,18 |

<u>പ്രസ്തുത കുടിവെള്ള പദ്ധതികളുടെ കീഴിലുള്ള ഗാർഹിക, ഗാർഹികേതര കണക്ഷനുകളുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു :</u>

| ക്രമ നം. | കുടിവെള്ള പദ്ധതി | ഗാർഹികം | | ഗാർഹികേതരം | |
|---|---|---|---|---|---|
| | | എണ്ണം | പ്രതിമാസ തുക | എണ്ണം | പ്രതിമാസ തുക |
| 1 | കൊറ്റ മംഗലം | 306 | 60 | 4 | 210 |
| 2 | വാക്കിനിച്ചള്ള | 320 | 60 | 1 | 210 |
| 3 | കുറ്റിപ്പള്ളം | 278 | 60 | 1 | 210 |
| 4 | അണ്ണാൻതോട് | 160 | 60 | 1 | 210 |
| 5 | മാട്ടുമന്ത | 150 | 60 | 3 | 210 |
| | ആകെ | 1214 | 300 | 10 | 1050 |

ഗ്രാമ പഞ്ചായത്ത് നേരിട്ട് പരിപാലിക്കുന്ന മേൽ പദ്ധതികളിൽ 286 പൊതു ടാപ്പുകൾ നിലവിലുണ്ട്.

I)<u>5 കുടിവെള്ള പദ്ധതികളുടെ 2018-19 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന് ലഭ്യമാവുന്ന വെള്ളക്കരം.</u>

| ഗാർഹികം | ഗാർഹികേതരം | 2018-19 ലെ ആകെ വരവ് |
|---|---|---|
| 1214x60X12 = 874080/- | 10X210x12=25,200/- | 899280/-(874080+25,200) |

a)ഇവയിലൂടെ നടത്തുന്ന ജല വിതരണത്തിന് ഉപഭോക്താക്കളിൽ നിന്നും 3,500/- രൂപ ഡെപ്പോസിറ്റായി സ്വീകരിക്കുന്നുണ്ട്.

b)നിലവിൽ മീറ്റർ സഹിതമാണ് പുതിയ കണക്ഷനുകൾ അനുവദിക്കുന്നതെന്ന് അറിയിച്ചിട്ടുണ്ട്.

c)കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട് നിയമാവലി പ്രസിദ്ധപ്പെടുത്തുകയോ, കാലാനുസൃതമായി പുതുക്കുകയോ ചെയ്തിട്ടില്ല.

d)2018-19 സാമ്പത്തിക വർഷത്തെ വെള്ളക്കരത്തിന്റെ ഡിമാന്റ്/കളക്ഷൻ എന്നിവയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു :

| ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|
| 14,23,410/- | 7,76,229 | 6,47,181 |

വെള്ളക്കരത്തിൽ പഞ്ചായത്ത് പ്രതിമാസം 5/- രൂപ വീതം വർദ്ധനവ് വരുത്തുന്നുണ്ട്.

II)<u>കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ചെലവ്</u>

a)കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് - 8,05,253/- രൂപ

b)പമ്പ് ഓപ്പറേറ്ററുടെ വേതനം - 21,03,690/- രൂപ.

c)റിപ്പയർ ചിലവുകൾ - 2,04,925/- രൂപ.

III)<u>കുടിവെള്ള പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട മറ്റ് ചെലവിനത്തിന്റെ വിശദാംശങ്ങൾ:</u>

അണ്ണാം തോട് പമ്പ് ഹൗസിലെ പമ്പിംഗ് മെയിൻ ബോർവെൽ റിപ്പയറുകൾക്കായി ക്വട്ടേഷനുകൾ ക്ഷണിച്ചതിൻ പ്രകാരം ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത ചിറ്റൂരിലെ P.W.D.യിലെ ഇലക്ട്രിക്കൽ കോൺട്രാക്ടർ പി.വിജയകുമാറിന്റെ ക്വട്ടേഷൻ അംഗീകരിച്ചിട്ടുണ്ട്.പ്രസ്തുത റിപ്പയറുകൾക്കായി 24,273/- രൂപ ചിലവ് വന്നിട്ടുണ്ട്.(Head Code-230500503).ഇത്തരം ചിലവിനം ഒഴിവാക്കുവാനായി ബോർവെൽ റിപ്പയറുകൾക്കായി A.M.C. സ്വീകരിക്കുവാൻ പ്രൊജക്റ്റ് ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും, ആയത് നിർവ്വഹിക്കുകയുണ്ടായിട്ടില്ല.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1) വെള്ളക്കരമിനത്തിൽ ഒരു വർഷത്തെ വരവ് 899280/-രൂപയും, കുടിവെള്ളപദ്ധതികളുടെ നടത്തിപ്പ് ചെലവ് 31 ലക്ഷത്തോളം രൂപയാണെന്ന് കാണുന്നു. ഇപ്രകാരം പദ്ധതികളുടെ നടത്തിപ്പ് അപ്രായോഗികമാണെന്നതിനാലും, പഞ്ചായത്തിന് ബാദ്ധ്യത വരുത്തുമെന്നതിനാലും പഞ്ചായത്ത് നേരിട്ട് നടത്തുന്ന കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറുവാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

2) പ്രസ്തുത നടപടി സ്വീകരിക്കുന്നതിന് മുമ്പ് ഇവ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

3)ആസ്തി - ബാദ്ധ്യതകൾ കണക്കാക്കിയായിരിക്കണം ഇത്തരം സ്കീമുകൾ കൈമാറേണ്ടത്.
4)പദ്ധതികൾ കൈമാറിയതിന് ശേഷം ഇവയുടെ മെയിന്റനൻസ് ചെലവുകൾ ഗുണഭോക്തൃ സമിതികളാണ് ഏറ്റെടുക്കേണ്ടത്.

5) പൊതുടാപ്പുകളുടെ കൃത്യമായ എണ്ണം നിജപ്പെടുത്തി ഉപയോഗിക്കുന്നവർക്ക് മാത്രമേ വെള്ളക്കരം അടവാക്കുന്നുള്ളൂ എന്ന് ഉറപ്പു വരുത്തേണ്ടതും, ഗാർഹിക കണക്ഷനുകൾ പരമാവധി അനുവദിച്ച് പൊതുടാപ്പുകളുടെ എണ്ണം ഘട്ടംഘട്ടമായി കുറക്കേണ്ടതുമാണ് .
6) കുടിവെള്ള പദ്ധതികളുടെ വെള്ളക്കര കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കി തുടർ നടപടികൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

# 1-23 ഗ്യാസ് ക്രിമറ്റോറിയം - പദ്ധതിയുടെ നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ – പഞ്ചായത്ത് സെക്രട്ടറി

| | |
|---|---|
| പ്രൊജക്ട് | S0141/19 – ശ്മശാന നിർമ്മാണ ഗ്യാസ് ക്രിമറ്റോറിയം |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 30,00,000/- |
| ബ്ലോക്ക് പഞ്ചായത്ത് | 20,00,000/- |
| ജില്ലാ പഞ്ചായത്ത് | 20,00,000/- |
| ആകെ അടങ്കൽ | 70,00,000/- |

പഞ്ചായത്തിന്റെ അധീനതയിലുള്ള കൊറ്റമംഗലം പ്രദേശത്ത് പൊതു ശ്മാശനത്തിൽ 80സെന്റ് സ്ഥലത്തിൽ ഗ്യാസ് ക്രിമറ്റോറിയം നിർമ്മിക്കുന്നതിന് ഡി.പി.സിയുടെ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ 30 ലക്ഷം രൂപയും, ചിറ്റൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 20 ലക്ഷം രൂപയും പദ്ധതി നിർവ്വഹണത്തിനായി ലഭ്യമായിട്ടുണ്ട്.

ആയതിന്റെ അടിസ്ഥാനത്തിൽ അക്രഡിറ്റഡ് സ്ഥാപനമായ തൃശ്ശൂരിൽ പ്രവർത്തിക്കുന്ന കോസ്റ്റ് ഫോർഡിനെ ക്രിമറ്റോറിയം നിർമ്മാണത്തിനായി ചുമതലപ്പെടുത്തി. 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഗ്രാമപഞ്ചായത്തിന്റെ 11.01.2019 ലെ 2(1) -ാം നമ്പർ തീരുമാന പ്രകാരം ചർച്ച ചെയ്ത് അംഗീകാരം നൽകിയിട്ടുണ്ട്.സർക്കാർ അനുമതിയുള്ളതിനാൽ കോസ്റ്റ് ഫോർഡിന് മുൻകൂറായി എസ്റ്റിമേറ്റിന്റെ 20% മായ 10 ലക്ഷം രൂപ പ്രസ്തുത സ്ഥാപനത്തിന്റെ പാലക്കാട് ശാഖയിലുള്ള കേരള ഗ്രാമീൺ ബാങ്കിന്റെ 40266100101449 നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്(24.01.2019ലെ ബിൽ നം.27പ്രകാരം). 17.01.2019 ന് തൃശ്ശൂരിലെ കോസ്റ്റ് ഫോർഡുമായി കരാർ ചമച്ചിട്ടുണ്ട്.ആയതിൽ പൂർത്തീകരണ കാലയളവ് രേഖപ്പെടുത്തിയിട്ടില്ല. ശ്മശാന നിർമ്മാണത്തിന്റെ പൂർത്തീകരണ കാലയളവും, ചെലവ് രേഖകൾ, എംബുക്ക് എന്നിവ ഓഡിറ്റിന് സമർപ്പിക്കുവാൻ 25.05.2019 ലെ ഓഡിറ്റ് അന്വേഷണം നം.8 പ്രകാരം ആവശ്യപ്പെട്ടിരുന്നു. ആയതിനുള്ള മറുപടിയിൽ താഴെ പറയുന്ന വിശദീകരണം നൽകിയിട്ടുണ്ട്.

പരിസരം വൃത്തിയാക്കി ശ്മശാന നിർമ്മാണ പ്രവൃത്തി ആരംഭിക്കുമ്പോൾ പ്രദേശവാസികൾ എതിർപ്പ് പുറപ്പെടുവിക്കുകയാണുണ്ടായത്. ആയതിനാൽ വിവിധ പ്രാദേശിക പാർട്ടികളുടെ സർവ്വകക്ഷി യോഗം ബോധവൽക്കരണത്തിലൂടെ പദ്ധതിയുടെ നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു. കൊറ്റമംഗലം പൊതു ശ്മശാനത്തിലെ ആകെയുള്ള 80 സെന്റ് സ്ഥലത്തിൽ 5 സെന്റ് മാത്രമെ ഗ്യാസ് ക്രിമറ്റോറിയ നിർമ്മാണത്തിനായി തെരെഞ്ഞെടുത്തിട്ടുള്ളൂ. മറ്റ് ആചാരങ്ങൾ പ്രകാരം അടക്കം ചെയ്യുന്നതിനും മതിയായ സ്ഥലമുണ്ടെന്ന് ഇതിലേക്കായുള്ള യോഗം വിലയിരുത്തിയതായും മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി 2019-20 ൽ സ്പിൽ ഓവറായി നിർവ്വഹണം തുടരുവാൻ പഞ്ചായത്ത് ഭരണസമിതി പ്രവർത്തനങ്ങൾ നടത്തി വരുന്നതായും അറിയിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ പദ്ധതി പൂർത്തിയാക്കുമെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്.



നിർദ്ദിഷ്ട പദ്ധതി പ്രദേശം

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) പദ്ധതി പുരോഗതി കൃത്യമായി മോണിറ്റർ ചെയ്യേണ്ടതാണ്.

2)നിലവിലുള്ള സ്ഥിതി വിശേഷത്തിൽ കോസ്റ്റ് ഫോർഡുമായി ധനവിനിയോഗം, പൂർത്തീകരണ കാലയളവ് എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ തീരുമാനിച്ച് കരാർ ചമയ്ക്കേണ്ടതാണ്.

3) പദ്ധതി പൂർത്തീകരണം സമയബന്ധിതമായി നടപ്പിലാക്കാൻ സ്വീകരിക്കേണ്ടുന്ന നടപടിക്രമങ്ങൾ കരാറിൽ പ്രത്യേകം വ്യവസ്ഥ ചെയ്യേണ്ടതാണ്.
4) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കി നിർവ്വഹണവുമായി ബന്ധപ്പെട്ട എംബുക്ക്, ബില്ലുകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-24 റോഡ്, റോഡിതര ആസ്തികളുടെ പരിപാലനത്തിന് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്.

13-ാം പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്)72/2017 ത.സ്വ.ഭ.വ തീയതി 29.03.2017ൽ അനുശാസിക്കും പ്രകാരം റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്. എന്നാൽ സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്ത് ആയത് തയ്യാറാക്കിയിട്ടില്ല.

ഘടക സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി റോഡിതര മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കേണ്ടതാണ്. തൻവർഷം ആസ്തി സംരക്ഷണത്തിനും, ഘടക സ്ഥാപനങ്ങളുടെ പരിപാലനത്തിനുമായി റോഡിതര മെയിന്റനൻസ് ഫണ്ടിൽ നിന്നും 6274000/-രൂപ വകയിരുത്തി 3782274/-രൂപ ചെലവഴിച്ചിട്ടുണ്ട്. ആസ്തി സംരക്ഷണ പദ്ധതിക്ക് അന്തിമ രൂപം നൽകുന്നതിനു മുമ്പായി വിളിച്ചു ചേർക്കുന്ന ഘടകസ്ഥാപനങ്ങളിലെ മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രൊജക്ടുകളായിരിക്കണം പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. അത്തരത്തിലുള്ള പ്രവർത്തനങ്ങളൊന്നും തന്നെ തൻവർഷം നടന്നിട്ടില്ല.

ഘടക സ്ഥാപനങ്ങളുടെ സേവനം മെച്ചപ്പെടുത്തുന്നതിനും, നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും, സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തുന്നതിനുമുള്ള അനുയോജ്യമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്.

# 1-25 മരാമത്ത് പ്രവർത്തികൾ - പൊതു അപാകതകൾ

ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ പൊതു അപാകതകൾ താഴെ ചേർക്കുന്നു.

- എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നുണ്ടെങ്കിലും പദ്ധതി സ്ഥലത്ത് പ്രവൃത്തിയുടെ വിവരങ്ങൾ ചേർത്തിട്ടുള്ള Name Board വെക്കുന്നില്ല.
- പ്രവൃത്തികളിൽ എഗ്രിമെന്റ് കാലാവധിക്കു ശേഷം പൂർത്തീകരണത്തീയതി നീട്ടി നൽകുമ്പോൾ സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കുന്നില്ല.
- പ്രവൃത്തി പൂർത്തീകരണം വൈകുമ്പോൾ കാലാവധി നീട്ടുന്നതിന് കരാറുകാരുടെ അപേക്ഷകൾ, നിർവ്വഹണോദ്യോഗസ്ഥന്റെ ശുപാർശ എന്നിവ ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല.
- പ്രവൃത്തികളുടെ ടെണ്ടർ അംഗീകരിച്ചതിനു ശേഷം കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് നൽകുന്നതിനായി തയ്യാറാക്കിയിട്ടുള്ള നോട്ടീസിൽ ചേർത്തിരിക്കുന്ന വിവരങ്ങൾ പൂർണ്ണമല്ല.
- പദ്ധതി നിർവ്വഹണത്തിനും റോഡ് പ്രവൃത്തികൾ രൂപീകരിക്കുന്നതിനുമായി റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല. കൃത്യമായ കണക്ടിവിറ്റി ഇല്ലാതെ റോഡ് പ്രവൃത്തി നടപ്പിലാക്കുന്നതിലൂടെ ആയതിന്റെ ഫലപ്രാപ്തി ഉദ്ദേശിച്ച രീതിയിൽ കൈവരിക്കുവാൻ കഴിയുകയില്ല.
- ആസ്തി സംരക്ഷണ പദ്ധതി /വാർഷിക മെയിന്റനൻസ് പ്ലാൻ തൻവർഷം (2018-19) തയ്യാറാക്കിയിട്ടില്ല.
- പ്രവൃത്തികളുടെ ടെണ്ടർ ക്ഷണിക്കുന്നതിനു മുൻപായി ഭരണസാങ്കേതികാനുമതികൾക്കൊപ്പം സ്ഥലലഭ്യത, മറ്റു വകുപ്പുകളിൽ നിന്നും ആവശ്യമായ അനുമതി എന്നിവ ഉറപ്പു വരുത്തിയിട്ടില്ല.

# 1-26 മരാമത്ത് പ്രവർത്തികളുടെ രൂപീകരണ,നിർവ്വഹണ ഘട്ടങ്ങളിൽ പൊതു മരാമത്ത് മാനുവലിലെ

# നടപടിക്രമങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്

സ്ഥല ലഭ്യത, വകുപ്പുകളിൽ നിന്നുള്ള അനുമതിപത്രം എന്നിവ ഉറപ്പാക്കാതെ 2017-18 വർഷം കരാർ ചമച്ചിട്ടുള്ള പ്രവർത്തികൾ 2018-19 വർഷത്തേക്ക് സ്പിൽ ഓവറായി തുടർന്ന് നിർവ്വഹിച്ചിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1.

| | |
|---|---|
| പ്രൊജക്ട് നമ്പർ | So 220/19 |
| പ്രവൃത്തി | ഏരിപ്പറമ്പ് റോഡ് കോൺക്രീറ്റ്, സൈഡ് പ്രൊട്ടക്ഷൻ |
| അടങ്കൽ | 313000 |
| എഗ്രിമെന്റ് | 38/17-18/12.1.18 |
| പൂർത്തീകരിക്കേണ്ട തീയതി | 31.3.18 |
| പൂർത്തീകരിച്ച തീയതി | 4.1.19 |

സൈറ്റ് ക്ലിയറൻസ് ലഭ്യമാവാത്തതിനാലാണ് പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടുള്ളത്.

2.

| | |
|---|---|
| പ്രൊജക്ട് നമ്പർ | So 218/19 |
| പ്രവൃത്തി | നവക്കോണം റോഡ് സൈഡ് കെട്ടൽ |
| അടങ്കൽ | 722000 |
| എഗ്രിമെന്റ് | 41/17-18/12.1.18 |
| പൂർത്തീകരിക്കേണ്ട തീയതി | 31.3.18 |
| പൂർത്തീകരിച്ച തീയതി | 21.03.19 |

ജലസേചന വകുപ്പിന്റെ അനുമതി ആവശ്യമായ മേൽ പ്രവൃത്തിക്ക് 02/2019 ൽ മാത്രമാണ് അനുമതി ലഭ്യമായിട്ടുള്ളത്. 21.03.19 നകം പ്രവൃത്തിയുടെ ഒരു റീച്ച് മാത്രമാണ് 289599/- രൂപ മൂല്യത്തിൽ പൂർത്തീകരിച്ചിട്ടുള്ളത്.പദ്ധതി സ്പിൽ ഓവറായി തുടരാൻ കഴിയാഞ്ഞതിനാൽ ഭാഗികമായി ഉപേക്ഷിച്ചു.

ഓഡിറ്റ് നിർദ്ദേശം

1.പൊതു മരാമത്ത് ചട്ടം -IV.ii.ii (കരാറുകാർ മുഖേന പ്രവർത്തി നടപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങൾ) പ്രകാരം ഒരു പ്രവർത്തിയുടെ ടെണ്ടർ ക്ഷണിക്കുന്നതിനു മുൻപായി ഭൂമി പൂർണ്ണമായും വിട്ടുകിട്ടി എന്ന് ഉറപ്പാക്കേണ്ടതാണ്. എന്നാൽ റോഡ് പ്രവർത്തികളിൽ 60% ഭൂമി മാത്രമേ വിട്ടുകിട്ടിയുള്ളൂ എങ്കിലും സർക്കാറിന്റെ മുൻകൂർ അനുമതിയോടെ ടെണ്ടർ ചെയ്യാവുന്നതാണ്. ബാക്കി ഭൂമി നിർമ്മാണ സമയത്ത് ലഭ്യമാക്കേണ്ടതാണ്.

2. ക്രമ നമ്പർ-2 പ്രകാരമുള്ള പദ്ധതിയിൽ പൂർത്തീകരണ കാലാവധിയും കഴിഞ്ഞാണ് ഇറിഗേഷൻ വകുപ്പുമായി കരാറിലേർപ്പെടുന്നത്. പദ്ധതികൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭ്യമാക്കുന്നതിനോടൊപ്പം തന്നെ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ആവശ്യമായ അനുമതി, NOC, ഫീസിബിലിറ്റി എന്നിവ ലഭ്യമാക്കേണ്ടതാണ്.

പദ്ധതി രൂപീകരണ, നിർവ്വഹണ ഘട്ടങ്ങളിൽ 1997 ലെ കേ.പ.ര (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ, 2012 ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ -ജി.ഒ(പി)13/2012/PWD/01.02.2012 എന്നിവയിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്. ആയതിലേക്ക് പൊതുമരാമത്ത് വർക്കിങ്ങ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-27 മരാമത്ത് പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം - കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്

2018-19 ൽ നിർവ്വഹിച്ച സ്പിൽ ഓവർ റോഡ് ടാറിങ്ങ് പ്രവൃത്തികളുടെ (32എണ്ണം) ഫയലുകൾ പരിശോധിച്ചതിൽ പ്രവൃത്തി പൂർത്തീകരണത്തിൽ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ - ജി.ഒ (പി) 13/2012/PWD/ 01-02-2012 – സെക്ഷൻ 2112, 2112-1 എന്നിവയിലെ നടപടിക്രമങ്ങൾ പാലിച്ചു കാണുന്നില്ല. ഒറിജിനൽ പൂർത്തീകരണ കാലാവധിക്കകം കരാർ ദീർഘിപ്പിക്കുന്നതിന് കരാറുകാർ എ.ഇ മുഖേന അപേക്ഷിക്കുകയോ, സപ്ലിമെന്ററി കരാറിൽ ഏർപ്പെടുകയോ ചെയ്തിട്ടില്ല. എന്നാൽ പ്രളയം മൂലം പ്രവൃത്തികൾ എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുവാൻ കഴിയാത്തത് ഭരണസമിതി തീരുമാന പ്രകാരം സാധൂകരിച്ചിട്ടുണ്ട്. 03/2018 ൽ എഗ്രിമെന്റിൽ ഏർപ്പെട്ട് മിക്ക പ്രവൃത്തികളും 12/2018 നകം പൂർത്തീകരിച്ചിട്ടുണ്ട്.

പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ത്തിൽ അധികരിക്കാവുന്നതല്ല. ദീർഘീകരണം ലഭ്യമാക്കാതെ പൂർത്തീകരണ കാലാവധിക്കു

ശേഷം നിർവ്വഹിക്കുന്ന പ്രവർത്തികൾ അനധികൃതമാണ്. ഇപ്രകാരമുള്ള പ്രവൃത്തികൾ ക്രമീകരിച്ച ശേഷമാണ് കരാറുകാർക്ക് തുക നൽകാവുന്നത്.

പ്രവർത്തി പൂർത്തീകരണത്തിൽ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ - ജി.ഒ (പി) 13/2012/PWD/ 01-02-2012 – സെക്ഷൻ 2112, 2112-1 എന്നിവയിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്. കൂടാതെ സപ്ലിമെന്ററി കരാറിലെ വ്യവസ്ഥകൾ കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണ്.

29.1.18 ലെ ജി.ഒ.(എം.എസ്) 11/2018 ത.സ്വ.ഭവ നമ്പർ 13-ാം പദ്ധതി മാർഗ്ഗരേഖാ നിർദ്ദേശമനുസരിച്ച് സ്പിൽ ഓവറായ പ്രൊജക്റ്റുകൾക്ക് 13-ാം പഞ്ചവൽസര കാലയളവിൽ ക്യാരി ഓവർ വിഹിതം ലഭിക്കുന്നതല്ല. അത്തരം പ്രൊജക്റ്റുകൾ പൂർത്തീകരിക്കുന്നതിന് വേണ്ട തുക വാർഷിക പദ്ധതിക്ക് ലഭ്യമായ വിഹിതത്തിൽ നിന്നുതന്നെ കണ്ടെത്തേണ്ടതാണ് എന്നതിനാൽ പദ്ധതികൾ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തേണ്ടതാണ്.

# 1-28 മാനാംകുറ്റി കുടിവെള്ളപദ്ധതി - കരാറുകാരന് നൽകിയ അധിക തുക 3751/- രൂപ തിരികെ ഈടാക്കേണ്ടതാണ്

പ്രൊജക്റ്റ് നം - So 227/18

അടങ്കൽ - 200000 (വികസന ഫണ്ട്)

ഫൈനൽ ബിൽ പ്രകാരമുള്ള ചെലവ് - 126977 (10/31.08.18)

എം.ബി - 22/18-19

കരാറുകാരൻ - ശ്രീ കെ.മണി

മേൽ പദ്ധതിയുടെ ഫൈനൽ ബിൽ കണക്കാക്കിയതിൽ price scheduleപ്രകാരം കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്കിൽ (ടെണ്ടർ വ്യതിയാനം 8.99% കഴിച്ചുള്ള തുക - 166613)പരിമിതപ്പെടുത്തിയിട്ടില്ല. Price schedule ൽ ഇലക്ട്രിഫിക്കേഷൻ നിരക്ക് ഉൾപ്പെടുന്നില്ല. ഫൈനൽ ബിൽ പ്രകാരം കരാറുകാരന് അനുവദനീയമായ തുക താഴെ കണക്കാക്കുന്നു.

ആകെ പ്രവൃത്തി മൂല്യം - 208469

അടങ്കലിൽ പരിമിതപ്പെടുത്തിയത് - 200000

കുറയ്ക്കുക

ഇലക്ട്രിഫിക്കേഷൻ നിരക്ക് - 35218

164782

കുറയ്ക്കുക

ടെണ്ടർ വ്യതിയാനം (8.99% കുറവ്) - 14814

149968

കുറയ്ക്കുക

ആദായ നികുതി 1% - 1500

ക്ഷേമനിധി 1% - 1500

146968

കൂട്ടുക - ഇലക്ട്രിഫിക്കേഷൻ നിരക്ക് - 35218

182186

കരാറുകാരന് അനുവദിക്കാവുന്നത് - 182186

ഫൈനൽ ബിൽ പ്രകാരം അനുവദിച്ചത്

ആകെ പ്രവൃത്തി മൂല്യം - 208469

കുറയ്ക്കുക

ടെണ്ടർ വ്യതിയാനം (8.99% കുറവ്) - 18740

189729

നികുതികൾ

ആദായ നികുതി 1% - 1896

ക്ഷേമനിധി 1% - 1896

185937

അധികം നൽകിയ തുക - 185937 – 182186 =3751/-

അധികം നൽകിയ തുക 3751/- രൂപ കരാറുകാരനിൽ നിന്ന് ഈടാക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥനെ ചുമതലപ്പെടുത്തുന്നു. പ്രസ്തുത വിഷയത്തിന്മേൽ നൽകിയ

ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 9/26.9.2019) അധികം തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി സമർപ്പിച്ചിട്ടുണ്ട്.

# 1-29 ചേരുംകാട് റോഡ് ടാറിങ്ങ് - കരാറിലേർപ്പെട്ട് പ്രവൃത്തി നടപ്പാക്കിയില്ല

അടങ്കൽ - 340000 (മെയ് ന്റനൻസ് റോഡ്)

സാങ്കേതികാനുമതി - LSGD/TS/2018-19/60346/31.05.18

എഗ്രിമെന്റ് - 43/18-19/17.09.18

കരാറുകാരൻ - ശ്രീ ഷാജി ജോർജ്ജ്

മേൽ പ്രവർത്തിക്കായി കരാറുകാരനുമായി 17.09.2018 ൽ എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും ടിയാൾ ആയത് ഏറ്റെടുത്ത് നടപ്പാക്കിയിട്ടില്ല. 22.02.2019 ന് നിർവ്വഹണോദ്യോഗസ്ഥൻ കരാറുകാരനോട് വിശദീകരണം ആവശ്യപ്പെട്ട് കത്ത് നൽകിയതിൽ ടാർ ലഭ്യമാവാത്തതിനാലാണ് പണി തുടങ്ങാത്തത് എന്നും 19.03.19 മുതൽ പ്രവർത്തി തുടങ്ങാമെന്നും കരാറുകാരൻ മറുപടി സമർപ്പിച്ചതായും കാണുന്നു. പിന്നീടും പ്രവർത്തി നടപ്പാക്കാത്തതിനാൽ 10.06.19 ന് നിർവ്വഹണോദ്യോഗസ്ഥൻ വീണ്ടും ടിയാൾക്ക് കത്ത് നൽകിയതിന് റോഡിന്റെ ശോചനീയാവസ്ഥ പരിഗണിച്ച് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനാണ് കരാറുകാരൻ ആവ്യപ്പെട്ടിട്ടുള്ളത്. ആയത് അംഗീകരിക്കാവുന്നതല്ല.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ ജി.ഒ(പി) 13/12/PWD/1.02.2012പ്രകാരം കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ കരാർ റദ്ദാക്കുന്നതിനും, പ്രവർത്തി റീടെണ്ടർ ചെയ്യുന്നതിനും, സെക്യൂരിറ്റി ഡെപ്പോസിറ്റ് കണ്ടുകെട്ടുന്നതിനും നടപടികൾ സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം - 9/29.09.19). ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി സമർപ്പിച്ചിട്ടുണ്ട്.

# 1-30 ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ മുഴുവൻ

# ലഭ്യമായിട്ടില്ല.

പ്രോജക്ട് നമ്പർ, പേര് S0044/19, ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

ഫണ്ട്: മെയിന്റനൻസ് നോൺ റോഡ്, ധനകാര്യകമ്മീഷൻ അവാർഡ്

വകയിരുത്തൽ: 949100/- രൂപ

ചെലവ് - 949100/-രൂപ

ബിൽ നമ്പർ /തീയതി: (1) 54/2018-19 , 13.02.2019 : 649100

(2) 55/2018-19, 04.02.2019 : 300000

മെഡിക്കൽ ഓഫീസർ ആയുർവേദം നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയിൽ ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി മേൽ ബിൽ നമ്പർ പ്രകാരം 949100/-രൂപ ഔഷധിയ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ 800906/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. 148194/- രൂപയുടെ മരുന്നുകൾഇനിയും ലഭ്യമായിട്ടില്ല. ഇവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം. 23/28.09.2019

# 1-31 പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ, കസേര നൽകൽ-സ്കൂളുകളിൽനിന്ന് കുട്ടികളുടെ ലിസ്റ്റ് ലഭ്യമാക്കിയില്ല

പ്രൊജക്ട് നം.176/19
അടങ്കൽ-389325

ട്രഷറി ബിൽ നം.12/22.1.19, തുക-389325

നിർവ്വഹണോദ്യോഗസ്ഥൻ-ഹെഡ് മാസ്റ്റർ(ജി യു പി എസ്, നല്ലേപ്പിള്ളി)

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മേശ, കസേര എന്നിവ വിതരണം ചെയ്യുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. 4991 രൂപ വിലയുള്ള 78 മേശയും കസേരയും വാങ്ങി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കി. അർഹരായ വിദ്യാർത്ഥികൾക്കാണോ ഫർണിച്ചറുകൾ നൽകിയിട്ടുള്ളതെന്ന് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ നിർവ്വഹണോദ്യോഗസ്ഥൻ സൂക്ഷിച്ചിട്ടില്ല. പതിമൂന്നാംപദ്ധതിയുമായി ബന്ധപ്പെട്ട സബ്സിഡിമാർഗരേഖ സ.ഉ(കൈ)നം.22/2018/ തസ്വഭവ, തീയതി-14.2.2018 പ്രകാരം മേശ, കസേര നൽകൽ പദ്ധതിയിൽ സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരമായിരിക്കണം ആനുകൂല്യം

നൽകേണ്ടതെന്നും സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ആനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപനത്തിന്റെ മേധാവിയിൽനിന്നുള്ള സാക്ഷ്യപത്രം, നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിലെ സ്ഥിരതാമസക്കാരനാണെന്ന് തെളിയിക്കുന്ന രേഖകൾ എന്നിവ ലഭ്യമാക്കാതെ ഗ്രാമപഞ്ചായത്ത് അംഗീകരിച്ച് നൽകിയ ഗുണഭോക്തൃലിസ്റ്റിന്റെ മാത്രം അടിസ്ഥാനത്തിലാണ് വിദ്യാർത്ഥികൾക്ക് ഫർണിച്ചറുകൾ നൽകിയിട്ടുള്ളത്.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/23.9.2019) വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ മാർഗരേഖയിൽ നിർദ്ദേശിച്ചതുപ്രകാരമുള്ള എല്ലാ രേഖകളും വാങ്ങി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-32 എസ് ടി വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകൽ- വാങ്ങിയ കട്ടിലുകൾ മുഴുവനായി വിതരണം ചെയ്തില്ല

പ്രൊജക്ട് നം. 135//19

അടങ്കൽ- 107200

ചെലവ്-43800

നിർവ്വഹണം-ഐ സി ഡി എസ് സൂപ്പർവൈസർ

എസ് ടി വിഭാഗത്തിൽപ്പെട്ട 60 വയസു കഴിഞ്ഞ വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകുന്നതിനായാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ടെണ്ടർ ക്ഷണിച്ച് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത എ എസ് ടി മെഡിടെക്ക് എന്ന സ്ഥാപനത്തിൽനിന്നും 2920 രൂപ നിരക്കിൽ 15 കട്ടിലുകളാണ് വാങ്ങിയിട്ടുള്ളത്. ഇതിനായി ട്രഷറി ബിൽനം. 14/21.3.19 പ്രകാരം 43800 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇൻവോയിസ് നം. 186/17.3.19 പ്രകാരം 15 കട്ടിലുകൾ വാങ്ങിയതിൽ 13 എണ്ണം മാത്രമാണ് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുള്ളത്. ടെണ്ടർ സ്പെസിഫിക്കേഷനിൽ കട്ടിലിന്റെ നീളം 1.98 മീറ്ററും മുൻകാൽനീളം60സെന്റീമീറ്ററും പിൻകാൽനീളം 50സെ.മീ വീതി 90 സെന്റീമീറ്ററുമാണ്. എന്നാൽ സ്ഥാപനത്തിന്റെ ഇൻവോയിസിൽ സ്പെസിഫിക്കേഷൻ ഒന്നും രേഖപ്പെടുത്താതെ കട്ടിലുകളുടെ എണ്ണം,നിരക്ക് എന്നിവ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാങ്ങിയ കട്ടിലുകൾ നിർവഹണോദ്യോഗസ്ഥ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. കട്ടിലുകൾ മുഴുവൻ വിതരണം ചെയ്യാത്തതിന് വിശദീകരണം ആവശ്യപ്പെട്ടും ബാക്കിയുള്ള കട്ടിലുകൾ

എവിടെയാണ് സൂക്ഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/26.9.2019) കട്ടിലുകൾ വിതരണം നടത്തുന്ന സമയത്ത് 2 പേരുടെ അപേക്ഷകളിൽ ആവശ്യമായ രേഖകൾ ഉണ്ടായിരുന്നില്ല എന്നും രേഖകൾ ഹാജരാക്കുന്ന മുറക്ക് കട്ടിൽ നൽകുന്നതാണെന്നും കട്ടിലുകൾ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. എന്നാൽ ഗ്രാമപഞ്ചായത്തിലെ സ്റ്റാഫുമായി ചേർന്ന് പരിശോധന നടത്തിയതിൽ 2018-19 വർഷത്തിൽ വാങ്ങിയ 2 കട്ടിലുകൾ ഗ്രാമപഞ്ചായത്തിൽ കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല. ഗ്രാമപഞ്ചായത്തിൽനിന്ന് നൽകുന്ന കട്ടിലുകളിൽ ഏത് പദ്ധതിപ്രകാരം നൽകിയവയാണെന്ന് മുദ്രണം ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. കട്ടിലുകൾ എവിടെയാണെന്ന് കണ്ടെത്തി അടിയന്തിരമായി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. രണ്ടു കട്ടിലുകളുടെ വിലയായ 5840 രൂപ (2920*2) തടസ്സപ്പെടുത്തുന്നു. രണ്ടുമാസത്തിനകം കട്ടിലുകൾ അർഹരായ ഗുണഭോക്താക്കൾക്ക് നൽകി രേഖകൾ ലഭ്യമാക്കാത്തപക്ഷം കട്ടിലിന്റെ വിലയായ 5840 രൂപ നിർവഹണോദ്യോഗസ്ഥയിൽനിന്ന് ഈടാക്കുന്നതാണ്.

# 1-33 അങ്കണവാടികൾക്ക് പ്രിന്റിംഗ്, സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നതിന് വികസനഫണ്ട് ചെലവഴിച്ചു

പ്രോജക്ട് നമ്പർ: 12/19-അങ്കണവാടികൾക്ക് ആവശ്യമായ പ്രിന്റിംഗ് സ്റ്റേഷനറി വാങ്ങൽ

അടങ്കൽ :10000

നിർവ്വഹണോദ്യോഗസ്ഥൻ - ഐ.സി.ഡി.എസ് സൂപ്പർവൈസർ

ബിൽ നമ്പർ 10/13.3.19, തുക-10000 ( വികസനഫണ്ട് )

അങ്കണവാടികൾക്കാവശ്യമായ പ്രിന്റിംഗ്, സ്റ്റേഷനറി സാധനങ്ങൾ എന്നിവ വാങ്ങുവാനായി വികസനഫണ്ടിൽ നിന്നും 10000 രൂപ വകയിരുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ ബിൽ പ്രകാരം തുക പിൻവലിച്ച് പാലക്കാട് ജില്ലാ സഹകരണ പ്രിന്റിംഗ് പ്രസ് എന്ന സ്ഥാപനത്തിൽനിന്നും പേപ്പർ, രജിസ്റ്ററുകൾ, സ്റ്റാപ്ലർ, പേന, നോട്ടുബുക്ക്,ഫയലുകൾ തുടങ്ങിയ സ്റ്റേഷനറിസാധനങ്ങൾ വാങ്ങുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്. പതിമൂന്നാംപദ്ധതിയുമായി ബന്ധപ്പെട്ട സബ്സിഡിമാർഗരേഖയിലെ (സ.ഉ(കൈ)നം.22/2018/തസ്വഭവ, തീയതി-14.2.2018) ഖണ്ഡിക 8.8 പ്രകാരം 8.8 പ്രകാരംതദ്ദേശസ്ഥാപനത്തിന്റെ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾക്ക് സാമ്പത്തികവർഷാരംഭത്തിൽതന്നെ ഒരു വർഷത്തേക്കുള്ള ചെലവുകളുടെ പ്രതീക്ഷിത ചെലവുകൾ കണക്കാക്കി തദ്ദേശസ്ഥാപനത്തിന്റെ സെക്രട്ടറിക്ക് നൽകേണ്ടതും പ്രസ്തുത ചെലവുകൾക്ക് ആവശ്യമായ തുക തനത് ഫണ്ട്/ജനറൽപർപ്പസ്

ഗ്രാന്റ്/മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് വിഹിതം എന്നിവയിൽനിന്നും കണ്ടെത്തേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിശ്ചയിക്കുന്ന ഏത് ആവശ്യത്തിനും പൊതു ആവശ്യ ഗ്രാന്റ് ചെലവഴിക്കാവുന്നതാണെന്ന് പൊതു ആവശ്യ ഗ്രാന്റും, മെയിന്റനൻസ് ഗ്രാന്റും വിനിയോഗിക്കുവാനുള്ള മാർഗ്ഗരേഖ ജി.ഒ(എം.എസ്) നം.330/2004/ത.സ്വ.ഭ.വ തീ 09.12.2004 ലും വ്യക്തമാക്കിയിട്ടുണ്ട്. ആവശ്യത്തിന് തനത് വരുമാനം ഉണ്ടായിട്ടും പദ്ധതിഫണ്ടിന്റെ വിനിയോഗമാർഗരേഖയിൽ ഉൾപ്പെടാത്ത സ്റ്റേഷനറി ചെലവുകൾക്ക് വികസനഫണ്ട് വിനിയോഗിച്ചതിന് നിർവഹണോദ്യോഗസ്ഥയുടെയും സെക്രട്ടറിയുടെയും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/26.9.2019) സ്റ്റേഷനറി ചെലവുകൾക്ക് ഫണ്ട് ആവശ്യപ്പെടുക മാത്രമാണ് ചെയ്തിട്ടുള്ളതെന്നും അത് ഏത് ഫണ്ടിൽനിന്നും വേണമെന്ന ആവശ്യപ്പെട്ടിട്ടില്ലെന്നും ഡി.പി.സി അംഗീകരിച്ച് നൽകിയ പദ്ധതി നടപ്പിലാക്കുകയാണുണ്ടായതെന്നും നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കി. പ്രൊജക്ട് തയ്യാറാക്കിയ വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ കൂടിയായ നിർവ്വഹണോദ്യോഗസ്ഥയുടെ മറുപടി അംഗീകരിക്കാൻ നിർവാഹമില്ലാത്തതിനാൽ വികസനഫണ്ടിൽനിന്നും ചെലവഴിച്ച 10000രൂപ തടസത്തിൽവെയ്ക്കുന്നു.

# 1-34 ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതി അവലോകനം

കേരളത്തിലെ എല്ലാ ഭവന രഹിതർക്കും ഭൂരഹിത-ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്) യുടെ ലക്ഷ്യം. ലൈഫ് മിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ പട്ടിക പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

സ.ഉ(എം.എസ്)നം.151/2017/തസ്വഭവ തിയതി 31-7-2017 പ്രകാരം ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്. സ.ഉ(കൈ)നം. 34/2018/തസ്വഭവ തിയതി 16-3-2018 പ്രകാരം 2018-19 വർഷത്തെ ധനസഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖയും അംഗീകരിച്ചിട്ടുണ്ട്.
2018-19 വർഷത്തിൽ നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതി നടത്തിപ്പിലാക്കിയതിന്റെ രേഖകൾ പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

ലൈഫ് പദ്ധതി ഒന്നാംഘട്ടം

ലൈഫ് മിഷൻ ഭവന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായി തൻ വർഷം 2 പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ആകെയുണ്ടായിരുന്ന 12 ഗുണഭോക്താക്കളിൽ എല്ലാ ഗുണഭോക്താക്കളും ഭവനനിർമാണം പൂർത്തീകരിച്ചു.

ലൈഫ് പദ്ധതി രണ്ടാം ഘട്ടം

ലൈഫ് മിഷന്റെ രണ്ടാം ഘട്ടത്തിൽ സ്വന്തമായി സ്ഥലമുള്ള ഗുണഭോക്താക്കൾക്ക് വീട് നിർമാണത്തിന് ആനുകൂല്യം നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ജനറൽ വിഭാഗത്തിൽ 342 ഉം എസ്.സി വിഭാഗത്തിൽ 9 ഗുണഭോക്താക്കളുമാണുള്ളത്. ആയതിൽ ആകെ 258 പേരാണ് തൻവർഷം എഗ്രിമെന്റ് വച്ചിട്ടുള്ളത്.
ഒരു ഗുണഭോക്താവിന് 400000/- രൂപയാണ് പദ്ധതി പ്രകാരം വകയിരുത്തിയിട്ടുള്ളത്.
ആകെ 5 ഗഡുക്കളായി തുക അനുവദിക്കുന്നതിനാണ് ലക്ഷ്യമിട്ടത്. ഗ്രാമപഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ലോൺ, സംസ്ഥാനാവിഷ്കൃതം എന്നിവയാണ് ഫണ്ട് സ്രോതസ്സുകൾ .

a) ലൈഫ് മിഷൻ ഭവന പദ്ധതി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം (26/19)-ജനറൽ

| ഫണ്ട് | അടങ്കൽ | 2018-19 വർഷത്തെചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട് | 5326600 | 5326600 |
| ബ്ലോക്ക് പഞ്ചായത്ത് | 847000 | 847000 |
| ജില്ലാ പഞ്ചായത്ത് | 955329 | 955329 |
| മറ്റിനം(വായ്പ്പ) | 308000000 | 20911071 |
| ആകെ | 37928929 | 28040000 |

നാളിതുവരെ വിവിധ ഗഡുക്കളായി ധനസഹായം കൈപ്പറ്റിയവരുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| ഗഡു /ഗഡുസംഖ്യ | | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| I | 40000 | 120 |
| II | 160000 | 120 |
| III | 60000 | 120 |
| IV | 100000 | 51 |
| | | |

| | | |
|---|---|---|
| V | 40000 | 21 |

120 ഗുണഭോക്താക്കളിൽ 21 ഗുണഭോക്താക്കൾ മാത്രമാണ് മുഴുവൻ തുകയും കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്.

b) പദ്ധതി - ലൈഫ് മിഷൻ ഭവന പദ്ധതി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം ( 53/19)-എസ്.സി.പി

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട്(എസ്.സി.പി) | 4747275 | 2100000 |
| ആകെ | 4747275 | 2100000 |

വിവിധ ഗഡുക്കളായി ധനസഹായം കൈപ്പറ്റിയവരുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| ഗഡു / ഗഡുസംഖ്യ | | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| I | 40000 | 8 |
| II | 160000 | 8 |
| III | 100000 | 8 |
| IV | 100000 | 3 |

ആകെയുള്ള 8 ഗുണഭോക്താക്കളിൽ 3 ഗുണഭോക്താക്കൾ മുഴുവൻ തുകയും കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

ഹഡ്കോ ലോൺ

2018-19 ൽ 20911071 രൂപ ഹഡ്കോയിൽ നിന്നും KURDFC മുഖേന വായ്പ ലഭ്യമായിട്ടുണ്ട്. തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിന്റെ ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട്നം.0054053000048888-സൗത്ത് ഇന്ത്യൻബാങ്ക്) നിക്ഷേപിച്ച് ചെലവ് നടത്തുകയും ചെയ്തിട്ടുണ്ട്. ലോൺ തുക പ്രത്യേക അക്കൗണ്ടിൽനിക്ഷേപിക്കുന്നതിനുപകരം തനത് ഫണ്ടിൽ നിക്ഷേപിച്ച് ചെലവു ചെയ്യുതുമൂലം നെഫ്റ്റ് റിട്ടേൺ ആയി തിരികെ അക്കൗണ്ടിൽവരുന്ന തുകകളിൽ എത്ര രൂപ ബാങ്കിൽ അവശേഷിക്കുന്നുണ്ടെന്ന് അറിയുവാൻ നിർവാഹമില്ല.

സർക്കാർ വിഹിതം

സർക്കാർ വിഹിതമായി ഓരോ ഗുണഭോക്താവിനും 1 ലക്ഷം രൂപ വീതം ലഭ്യമാകുമെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം സർക്കാരിൽ നിന്നും തുകയൊന്നും ലഭ്യമായിട്ടില്ല. 2019-20 വർഷത്തിൽ 5200000 രൂപ ലഭ്യമായിട്ടുണ്ട്.

ഭവന നിധി രൂപീകരിച്ചിട്ടില്ല

ലൈഫ് മിഷൻ മാർഗ്ഗരേഖ പ്രകാരം പൊതുജനങ്ങളിൽ നിന്നും മറ്റ് രീതികളിലും ഫണ്ട് സ്വീകരിച്ച് സെക്രട്ടറിയുടേയും പ്രസിഡണ്ടിന്റേയും പേരിൽ ഒരു അക്കൗണ്ട് തുടങ്ങുവാൻ നിർദ്ദേശിച്ചിരുന്നു. 10% പേർക്കെങ്കിലും ഈ ഫണ്ടിൽ നിന്നും തുക അനുവദിക്കുവാൻ ശ്രമിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. നാളിതുവരെ ഭവനനിധി രൂപീകരിച്ചിട്ടില്ല.

മോണിറ്ററിംഗ്

ലൈഫ് മിഷൻ പദ്ധതിയുടെ പുരോഗതി ഉറപ്പാക്കേണ്ടതിന്റെ പൂർണ്ണ ചുമതല സെക്രട്ടറിക്കാണ്. ഭൂമിയുള്ള ഭവന രഹിതരുടെ വ്യക്തിഗത ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ മേൽനോട്ടച്ചുമതലയും സെക്രട്ടറിക്കാണ്. സ്റ്റാന്റിംഗ് കമ്മറ്റികളും മോണിട്ടറിംഗ് കാര്യക്ഷമമായി നിർവഹിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശം

1. വിവിധ ഘട്ടങ്ങളിലുള്ള ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണം ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കേണ്ടതാണ്.
2. സർക്കാരിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുവാനുള്ള തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.
4. പദ്ധതി നടത്തിപ്പിൽ ഭവനനിധി രൂപീകരിച്ച് പൊതുജന പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.

# 1-35 മറ്റ് ഏജൻസികൾക്ക് നൽകിയ തുകകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

വെറ്ററിനറി സർജൻ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന രണ്ട് പദ്ധതികൾ നടപ്പിലാക്കുന്നതിനായി മറ്റ് ഏജൻസികൾക്ക് തുക അനുവദിച്ച് നൽകിയിട്ടുണ്ട്.

എ)കന്നുകുട്ടി പരിപാലനപദ്ധതി

കന്നുകുട്ടികളുടെ ആരോഗ്യ പരിപാലനത്തിനായി നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജൻ 41/19 എന്ന പ്രൊജക്റ്റിനായി 12,50,000/- രൂപ അടങ്കലായി വകയിരുത്തി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു :

| | |
|---|---|
| ഗ്രാമപഞ്ചായത്ത് വിഹിതം | 3,12,500/- |
| സംസ്ഥാനാവിഷ്കൃത പരിപാടി | 3,12,500/- |
| ഗുണഭോക്തൃ വിഹിതം | 6,25,000/- |
| ആകെ അടങ്കൽ | 12,50,00/- |

ചെലവിന്റെ വിശദാംശങ്ങൾ :

| ബിൽ നം./തിയ്യതി | ചെലവ് |
|---|---|
| 17/18-19/20/3/2019 | 273920 |
| തനത് ഫണ്ട് ചെക്ക് നം.2180602/22.2.2019 | 38580 |

ഗ്രാമപഞ്ചായത്തിന്റെ വിഹിതമായ 3,12,500/- രൂപ കാഫ് ഫീഡ് സബ്സിഡി പ്രൊഗ്രാമിലേക്കായി അസിസ്റ്റന്റ് ഡയറക്ടർക്ക് NEFT മുഖേന കൈമാറിയിട്ടുണ്ട് (അക്കൗണ്ട് നം.714021400000008). ഈ പദ്ധതിക്കായി പ്രായം 6 മാസം മുതൽ 8 മാസം വരെ പ്രായമുള്ള 50 കന്നുകുട്ടികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. 30 മാസം വരെയാണ് ഇവയ്ക്ക് കാലി തീറ്റ കൊടുത്ത് വരുന്നത്. ഈ കാലയളവിലുള്ള കാലി തീറ്റ വിതരണത്തിനായി 6250 രൂപയാണ് ഒരു കന്നുകുട്ടിക്ക് സബ്സിഡിയായി നൽകുന്നത്. പദ്ധതിയുടെ പൂർത്തീകരണ റിപ്പോർട്ടും, ധനവിനിയോഗ സാക്ഷ്യപത്രവും പദ്ധതി പൂർത്തിയാവുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി)എ ബി സി പ്രോഗ്രാം

പ്രൊജക്ട് നം.123/19

തെരുവ് നായ നിയന്ത്രണത്തിനായി ആവിഷ്കരിച്ചിട്ടുള്ള എ ബി സി പദ്ധതിപ്രകാരം ട്രഷറി ബിൽനം. 1/9.8.2018 പ്രകാരം 350000 രൂപ പിൻവലിച്ച് ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള ടി എസ് ബി അക്കൗണ്ടിലേക്ക് (നം.79901140002200) നൽകിയിട്ടുണ്ട്. തുക വിനിയോഗിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

# 1-36 പി.എം.എ.വൈ പദ്ധതിക്കായി

# കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

നിർവ്വഹണഉദ്യോഗസ്ഥൻ-വി.ഇ.ഒ

ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കുന്ന പി എം എ വൈ പദ്ധതിയുടെ ഗ്രാമപഞ്ചായത്ത് വിഹിതം നൽകുന്നതിനായി പി.എം.എ.വൈ-ജനറൽ (173/19) എന്ന പേരിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ട്രഷറി ബിൽ നം.9/27.9.18 പ്രകാരം 180000/-രൂപ ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടിയുടെ (അക്കൗണ്ട് നം.762832919-IDBI) പേരിലുള്ള അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. തുക പി എം എ വൈ ഗുണഭോക്താക്കൾക്ക് നൽകിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയിൽനിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

# 1-37 മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ.

2018-19 സാമ്പത്തിക വർഷത്തിൽ മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ആകെ രജിസ്റ്റർ ചെയ്ത 6029 കുടുംബങ്ങളുണ്ട്. ഇവർക്കെല്ലാം തന്നെ തൊഴിൽ കാർഡുകൾ ലഭിച്ചിട്ടുണ്ട്. ഇവയിൽ 2259 പദ്ധികൾക്കുള്ള അംഗീകാരം ലഭ്യമായിട്ടുണ്ട്. പ്രസ്തുത പ്രൊജക്റ്റുകൾക്കായി 27,55,60,185/-രൂപ അടങ്കലായി വകയിരുത്തിയിട്ടുണ്ട്. 725പദ്ധതികളാണ് 2018-19 സാമ്പത്തിക വർഷത്തിൽ നിർവ്വഹിച്ചിട്ടുള്ളത്. ആയതിൽ 232 എണ്ണം പൂർത്തിയാക്കിയിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിലൂടെ 3,492 കുടുംബങ്ങൾ തൊഴിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഇവർക്കെല്ലാം തന്നെ തൊഴിൽ ലഭിച്ചിട്ടുമുണ്ട്. ആയതിൽ 242 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുണ്ട്. ഇവയിൽ സാധന സാമഗ്രികൾ ആവശ്യമുള്ള പ്രവൃത്തികൾ നിർവ്വഹിച്ചിട്ടില്ല. പദ്ധതി പ്രകാരം തൊഴിൽ ആവശ്യപ്പെട്ടതിന് ശേഷം തൊഴിൽ ലഭ്യമാവാത്തവരും, തൊഴിൽ രഹിത വേതനം നൽകപ്പെടാത്തവരുമായി ആരുമില്ല. 4 തൊഴിൽ സ്ഥലങ്ങളിൽ അപകടം സംഭവിക്കുകയും, ആയതിന് പ്രതിവിധി സ്വീകരിക്കുവാനായി 17,794/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ പ്രവൃത്തികളുമായി ബന്ധപ്പെട്ട് പരാതി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തൊഴിൽ സ്ഥലങ്ങളിൽ പ്രവൃത്തികളുടെ വിവരം കാണിക്കുന്ന ബോർഡ് സ്ഥാപിക്കുന്നുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ സ്ഥിര ആസ്തികൾ ഒന്നും തന്നെ സൃഷ്ടിക്കപ്പെട്ടിട്ടില്ല. പദ്ധതി മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടേയും ചെലവഴിച്ച തുകകളുടേയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു :

| പ്രവൃത്തികളുടെ പേര് | നടപ്പിലാക്കിയത് | ചെലവഴിച്ച തുക |
|---|---|---|
| ജല സംരക്ഷണം | 233 | 24,89,6,161 |
| വരൾച്ച തടയൽ | 19 | 1,61,793/- |
| കുടിവെള്ള വിതരണം | 49 | 3,34,255/- |
| വെള്ളപ്പൊക്ക നിയന്ത്രണ നിവാരണ പ്രവൃത്തനങ്ങൾ | 1 | 1,04,619/- |
| ചെറുകിട ജലസേചനം | 40 | 10,19,4,115/- |
| വ്യക്തികളുടെ ആവശ്യാർത്ഥമുള്ള തൊഴിലുകൾ | 232 | 34,24,148/- |
| ഗ്രാമീണ കണക്ടിവിറ്റി | 10 | 1,45,160/- |
| ഭൂവികസനം | 101 | 3,40,7,991/- |
| കംപോസ്റ്റ് പിറ്റ് | 2 | 51,380/- |
| IHHL | 1 | 1,084/- |
| പരമ്പരാഗത ജലസ്രോതസുകളുടെ പുനരുദ്ധാരണം | 37 | 14,33,573/- |
| ആകെ | 725 | 4,41,54,279/- |

മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നിർവ്വഹിച്ച് വരുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു.

## ഭാഗം-2

# പരാമർശങ്ങൾ ഒന്നുമില്ല

# <u>ഭാഗം-3</u>

## പരാമർശങ്ങൾ ഒന്നുമില്ല

# <u>ഭാഗം -4</u>

# <u>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

# 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018 - 19 | 4.7.2019 മുതൽ 5.7.2019 വരെ | KSA – PKD- 21/997/2019(49)/26.08.19 |

# 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 2077531 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി | 2077531 | - |
| | ടി | 200000 | പെയിൻ & പാലിയേറ്റീവ് കെയർ | 157805 | 42195 |
| | ടി | 847000 | ലൈഫ് ഭവന | 847000 | - |

| | | | | | |
|---|---|---|---|---|---|
| | | | പദ്ധതി- ജനറൽ | | |
| | ടി | 357143 | ക്ഷീരകർഷകർക്ക് സബ്സിഡി | 357143 | - |
| | ടി | 2000000 | ഗ്യാസ് ക്രിമറ്റോറിയം - വിഹിതം | 0 | 2000000 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 3404500 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി | 3404500 | - |
| | ടി | 955329 | ലൈഫ് ഭവന പദ്ധതി- ജനറൽ | 955329 | - |
| | ടി | 200000 | ക്ഷീരകർഷകർക്ക് സബ്സിഡി | 200000 | |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി, എലപ്പുള്ളി | വൈദ്യുതി ലൈൻ ദീർഘിപ്പിച്ച് തെരുവ് വിളക്ക് സ്ഥാപിക്കൽ | 66/18/03/2019<br>69/22/03/2019<br>ആകെ | 60,424/-<br>60,493/-<br>120917 | വിനിയോഗ വിവരം ലഭ്യമല്ല | വിവരം ലഭ്യമല്ല |
| കെ.എസ്.ഇ.ബി, കൊഴിഞ്ഞാമ്പാറ | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 13/23/8/2018 | 2,08,978/- | ടി | ടി |

| | | | | | | |
|---|---|---|---|---|---|---|
| | | | 2,14,346/- | | | |
| | | 20/22/11/2018 | 57,620/- | | | |
| | | 21/22/11/2018 | 480944/- | | | |
| | | ആകെ | | | | |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നുമില്ല

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി.എഫ്.സി | ജി.ഒ (എം.എസ്)നം. 68/2018/ എൽ.എസ്.ജി.ഡി/ 18.05.2018 | 20911071 | 0 | 0 | 0 | 20911071 |

# 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5819980 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 681570 |
| ആകെ | 6501550 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 6501550 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/പോസ്റ്റ് ഓഫീസ്.) | നിക്ഷേപിച്ച തിയതി/FD നമ്പർ | കാലയളവ് | തുക (പലിശ ഉൾപ്പെടെ) | റിമാർക്ക്സ് |
|---|---|---|---|---|---|
| 1. | പി.ഡി.സി ബാങ്ക്, ചിറ്റൂർ | 18-4-18<br>(00503020500200-12) | 6 മാസം | 2817370 | 18.10.18 മുതൽ 18.04.19 വരെയും പിന്നീട് 05.10.19 വരെയും പുതുക്കിയിട്ടുണ്ട്. |
| 2 | നല്ലേപ്പിള്ളി സർവ്വീസ് സഹകരണ ബാങ്ക് | 28.09.18<br>(24170, 24171, 24172, 24173, 24174) | 1 വർഷം | 2599180 | 25.09.19 ന ശേഷം പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 3 | നല്ലേപ്പിള്ളി | 11.02.19 | 7 മാസം | 1085000 | - |

| | | | | | |
|---|---|---|---|---|---|
| | സർവ്വീസ് സഹകരണ ബാങ്ക് | (24790, 241791) | | | |
| ആകെ | | | | 6501550/- | |

<u>മറ്റ് നിക്ഷേപങ്ങൾ</u>

| | | |
|---|---|---|
| മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ | 27-7-1977 | 5000 |
| പാലക്കാട് സ്മാൾ ഹൈഡ്രോ ലിമിറ്റഡ് | 28-4-2000 | 100000 |

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 360/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | 2-4(3) | 360 | സെക്രട്ടറി, ക്ഷീര സഹകരണ സംഘം | 118050102491/29.03.19 |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഒന്നും തന്നെ ഇല്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 131453976 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 127246915 |
| വരവിനങ്ങളിലുള്ള നഷ്ടം | : | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 3751 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 15840 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

<u>ഭാഗം-1 ൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | 3751 | ശ്രീ സേതു, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-32 | 5840 | ശ്രീമതി ശോഭന ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-33 | 10000 | ശ്രീമതി ശോഭന ഐ.സി.ഡി.എസ് സൂപ്പർവൈസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ശോഭന ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്ത് | അദ്വൈതം, മന്ദത്ത്കാവ്, തത്തമംഗലം(പി.ഒ) പാലക്കാട് |
| ശ്രീ സേതു, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്ത് | മാമ്പുള്ളി ഹൌസ്, ചുള്ളിമട, കഞ്ചിക്കോട്, പാലക്കാട് |

# 4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം |
|---|---|---|
| 1996-97 | കെ.എസ്.എ-പികെഡി-11/154/2019 തീയതി 30.9.2019 (ഓഡിറ്റ് അദാലത്ത്) | 0 |
| 1997-98 | „ | 0 |
| 1998-99 | „ | 2 |
| 1999-2000 | „ | 5 |
| 2000-01 | „ | 2 |
| 2001-02 | „ | 1 |
| 2002-03 | „ | 0 |
| 2003-04 | „ | 1 |
| 2004-05 | „ | 1 |
| 2005-06 | „ | 1 |
| 2006-07 | „ | 2 |
| 2007-08 | LF.P11/2357/14/7.02.15 | 1 |
| 2008-09 | കെ.എസ്.എ-പികെഡി-11/2080/16/21-3-17 | 3 |
| 2009-10, 2010-11,2011-12 | LF.P11/1770/2014/26.3.15 | 18 |

| | | |
|---|---|---|
| 2012-13 | കെ.എസ്.എ-പികെഡി-11/1922/15/29-3-16 | 10 |
| 2013-14, 2014-15 | കെ.എസ്.എ-പികെഡി-11/1021/17/19-12-17 | 20 |
| 2015-16 | കെ.എസ്.എ-പികെഡി-11/2325/16/29-12-16 | 21 |
| 2016-17 | കെ.എസ്.എ-പികെഡി-11/1459/18/5-9-18 | 30 |
| 2017-18 | കെ.എസ്.എ-പികെഡി-11/369/19 8.04.19 | 17 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം -1

## വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്മേലുള്ള സാക്ഷ്യപത്രം

നം.കെ.എസ്.എ-പികെഡി-21/997/2019(49)


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്


തിയതി: 26-8-2019


Phone No.04912520145

e-mail: Dopkd.ksad@kerala.gov.in


സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും, ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 31-3-2019 ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്, ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം

## ന്യൂനതകളുടെ സംഗ്രഹം

1. സഞ്ചയ സോഫ്റ്റ്വെയറിലേയും സാംഖ്യയിലേയും വസ്തു നികുതി തുകകൾ പൊരുത്തപ്പെടുന്നില്ല.
2. ആർ പി 5 ലുള്ള ലേലം, സെയിൽ ഓഫ് ടെണ്ടർ ഫോംസ്, മൊബൈൽ മോർച്ചറി വാടക എന്നിവ ഒഴികെയുള്ള വരവുകൾ രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.
3. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിന്റെ ആർ പി 31 ലെ വരവുകൾ ( ടി എസ് സി, സംയുക്ത പ്രൊജക്ടുകൾക്കായുള്ള ബ്ളോക്ക്, ജില്ലാ പഞ്ചായത്ത് വരവുകൾ, ഗുണഭോക്തൃ വിഹിതം) ചെലവുകൾ, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല.
4. ആർ പി 34 പ്രകാരമുള്ള ഡെപ്പോസിറ്റ് തുകകൾ ഡെപ്പോസിറ്റ് രജിസ്റ്ററിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. എല്ലാ ഇനങ്ങളുടെയും വിവരങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
5. മുൻകൂർ രജിസ്റ്ററിൽ നിർവ്വഹണോദ്യോഗസ്ഥർക്ക് നൽകിയ മുൻകൂറുകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.
6. ലേല രജിസ്റ്ററിലെ തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
7. വാട്ടർ ചാർജ് ഡിമാന്റ് രജിസ്റ്റർ വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല
8. ആർ പി 4 പ്രകാരമുള്ള ബിൽഡിംങ്ങ് റെഗുലൈസേഷൻ ഫീ ഇനത്തിലെ വരവുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

9. സചിത്ര സോഫ്റ്റ് വെയർ സാംഖ്യയുമായി ബന്ധിപ്പിക്കാത്തതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തിമൂല്യത്തിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

10. സ്റ്റോക്ക് രജിസ്റ്റർ വാല്യൂ ബേസ്ഡ് ആക്കി അക്കൗണ്ട് ചെയതിട്ടില്ല.

11. ചെക്ക്സ് &ഡ്രാഫ്റ്റ്സ് രജിസ്റ്ററിൽ അവ പണമാക്കിയ തീയതി രേഖപ്പെടുത്തുന്നില്ല. കൂടാതെ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

12. ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ്, ഫിക്സഡ് അസറ്റുകളുടെ ഡിപ്രീസിയേഷൻ എന്നിവ കണക്കാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD-21/997/2019(49)

Kerala State Audit Department

District Audit Office, Palakkad

Date: 26.08.2019

Phone No.04912520145

e-mail: Dopkd.ksad@kerala.gov.in

## Certificate

Certified that I have examined the Annual Financial Statement of Nalleppilly Gramapanchayat in Palakkad District for the year ended on 31-3-2019 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, the Rules made there under and the Guidelines issued by the Comptroller and Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion, the Financial Statements of Nalleppilly Gramapanchayat for the year 2018-19 subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

Deputy Director

## Annexure

## Abstract Defects/Discrepancies

1. The amount of property tax as shown in the AFS are not in agreement with SANCHAYA.

2. The receipts as per AFS-RP(5) except Auction, Sale of tender forms, Rent of Mobile mortuary do not match with the entries in the Demand Registers.

3. The correctness of receipts (as per AFS RP(31)- TSC, Block & District Panchayat Share, Beneficiary Contribution), and their expenditure and closing balance could not be ascertained for want of Appropriation control Register.

4. The Deposits as per RP(34) of AFS not match with the entries in Deposit Register. All items were not included in the Deposit Register.

5. The details of advances to the implementing officers not entered in the Advance Register.

6. The amounts in the Auction Register is not in agreement with AFS.

7.Water tax Demand Register is not in agreement with AFS.

8. The details of receipts of Building Regularisation fee as per RP(4) of AFS not produced for verification.

9.Since Sachithra Software is not linked with Sankhya, the accuracy of asset value shown in balance sheet could not be ascertained.

10. Stock registers are not maintained as value based.

11. Date of encashment not recorded in the Cheques and draft register and not certified by the Secretary.

12. Details of calculation for Capital work in progress and Depreciation of Fixed assets were not produced.

Deputy Director

# അനുബന്ധം -2

## വാർഷിക ധനകാര്യ പത്രിക സംക്ഷിപ്തം (AFS- Audited Abstract)

RECEIPT & PAYMENT STATEMENT

| NalleppillyGramaPanchayat<br>RECEIPT&PAYMENTSTATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 11796557.85 |
| Cash | Cash | RP-40(a) | 32417.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 1122194.00 |
| 130000000 | Rental income from Panchayat Properties | RP-3 | 351700.00 |
| 140000000 | Fees & User Charges | RP-4 | 594095.00 |
| 150000000 | Sale & Hire Charges | RP-5 | 301182.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 81532737.00 |
| 171000000 | Interest Earned | RP-9 | 360032.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 14539475.00 |
| 350000000 | Other Liabilities | RP-36 | 217826.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 131056.00 |
| | **Non Operating** | | |
| 170000000 | Income from Investments | RP-8 | 0.0 |
| 180000000 | Other Income | RP-10 | 591452.00 |
| 330000000 | Secured Loans | RP-32 | 20911071.00 |
| 340000000 | Deposits Received | RP-34 | 331926.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 237320.00 |
| 420000000 | Investments | RP-41 | 201374.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 8692032.00 |
| 460000000 | Loans, Advances and Deposits | RP-47 | 1338504.00 |
| | **Grand total** | | **143282950.85** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 4643347.00 |
| 220000000 | Administrative Expenses | RP-12 | 1856322.00 |
| 230000000 | Operations & Maintenance | RP-13 | 4151198.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 9915120.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 42246478.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 5422489.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 205476.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 3287360.00 |
| 255000000 | Maintenance Projects | RP-20 | 12721943.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 0.0 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 3000000.00 |
| 280000000 | Prior Period item | RP-26 | -205987.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 4876031.00 |
| 350000000 | Other Liabilities | RP-36 | 12729890.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 30742.00 |
| 280000000 | Prior Period Item | RP-26 | -54546.00 |
| 340000000 | Deposits Received | RP-34 | 233182.00 |
| 350000000 | Other Liabilities | RP-36 | 1389624.00 |
| 410000000 | Fixed Assets | RP-38 | 1936027.00 |
| 412000000 | Capital work in Progress | RP-40 | 16326510.00 |
| 420000000 | Investments | RP-41 | 201374.00 |
| 430000000 | Stock-in-hand | RP-42 | 100000.00 |
| 460000000 | Loans, Advances and Deposits | RP-47 | 2234335.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 16028267.85 |
| Cash | Cash | RP-40(b) | 7768.00 |
| | **Grand Total** | | **143282950.85** |

INCOME & EXPENDITURE STATEMENT

| **NalleppillyGramaPanchayat INCOME&EXPENDITURESTATEMENT** | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |

| | | | |
|---|---|---|---|
| 110000000 | Tax Revenue | I-1 | 3835940.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 351700.00 |
| 140000000 | Fee & User Charges | I-4(b) | 1501762.00 |
| 150000000 | Sale & Hire Charges | I-5(b) | 301932.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 226867190.00 |
| 170000000 | Income from Investments | I-7 | 681570.00 |
| 171000000 | Interest Earned | I-8 | 360032.00 |
| 180000000 | Other Income | I-9 | 591452.00 |
| | **Total Income** | | **234491578.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 12669739.00 |
| 220000000 | Administrative Expenses | I-11(b) | 2137465.00 |
| 230000000 | Operations & Maintenance | I-12(b) | 4864587.00 |
| 240000000 | Interest & Finance Charges | I-13 | 30742.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 12091263.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 86362296.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 5897609.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 674707.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 97569239.00 |
| 255000000 | Maintenance Projects | I-14(e) | 12721943.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 0.0 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 3000000.00 |
| 272000000 | Depreciation | I-17(a) | 3164863.00 |
| | **Total Expenditure** | | **241184453.00** |
| | **Gross Surplus/ Deficit of income over Expenditure** | | **-6692875.00** |
| 280000000 | Prior Period Item | I-18 | 824009.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **-7516884.00** |

| | | | |
|---|---|---|---|
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

BALANCE SHEET

| | | | |
|---|---|---|---|
| **NalleppillyGramaPanchayat BALANCESHEET** | | | |
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 42461584.77 |

| | | | |
|---|---|---|---|
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 5506.00 |
| 312000000 | Reserves | B-3 | 75095784.00 |
| | **Total Reserve & Surplus** | | **117562874.77** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 5024301.00 |
| | **Total Grants, Contributions for Specific Purposes** | | **5024301.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 20911071.00 |
| | **Total Loans** | | **20911071.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 240709.00 |
| 350000000 | Other Liabilities | B-9 | 1551825.61 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **1792534.61** |
| | **TOTAL LIABILITIES** | | **145290781.38** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 100948861.00 |
| 411000000 | Accumulated Depreciation | B-11 | -3095087.00 |
| 412000000 | Capital Work in Progress | B-11(a) | 2307800.00 |
| | **Total Fixed Assets** | | **100161574.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 6606550.00 |
| | **Total Investments** | | **6606550.00** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 85149.00 |
| 431000000 | Sundry Debtors (Receivables) | B-15 | 583283.53 |
| 440000000 | Pre-paid Expenses | B-16 | 20911071.00 |
| 450000000 | Cash and Bank Balance | B-17 | 16036035.85 |
| 460000000 | Loans, Advances and Deposits | B-18 | 907118.00 |
| | **Total Current Assets, Loans and Advances** | | **38522657.38** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |
| | **TOTAL ASSETS** | | **145290781.38** |

Deputy Director